എന്നും നേരിന്റെ പാതയിൽ

# നവീനഭൂമി
NAVEENA BHUMI
( Registered Malayalam Newspaper)
Published from Kochi




Estd. 2002, KERMAL 15439 | Highlighting on Cultural, Political, Educational, Health & Commercial fields | 2025 ഏപ്രിൽ 16 – 30 പുസ്തകം 12 ലക്കം 5 പേജ് 4 വില 5.00 | Email: naveenabhumi@gmail.com

# പഹൽഗാമിലെ ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം:



പഹൽഗാമിലെ ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് യു.എൻ സുരക്ഷാസമിതി. ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നുവെന്നും പ്രസ്താവനയിലൂടെ സുരക്ഷാസമിതി വ്യക്തമാക്കി. ഭീകരാക്രമണത്തിന് പിന്നിലുള്ള സംഘാടകർ, സാമ്പത്തികസഹായം നൽകുന്നവർ, സ്പോൺസർമാർ തുടങ്ങിയ എല്ലാവരെയും പിടികൂടി നിയമത്തിനു മുൻപിൽ എത്തിക്കേണ്ടതിന്റെ ആവശ്യകത സുരക്ഷാസമിതിയിലെ എല്ലാ അംഗങ്ങളും അടിവരയിട്ട് ആവശ്യപ്പെട്ടു. വിഷയത്തിൽ ബന്ധപ്പെട്ട അധികൃതരുമായി സഹകരിക്കണമെന്നും സുരക്ഷാസമിതി ആവശ്യപ്പെട്ടു. സുരക്ഷാസമിതി അധ്യക്ഷനാണ് അംഗങ്ങൾക്ക് വേണ്ടി പ്രസ്താവന പുറത്തിറക്കിയത്. 15 രാജ്യങ്ങളാണ് സുരക്ഷാസമിതിയിൽ ഉള്ളത്. ഈ മാസം ഫ്രാൻസ് ആണ് സമിതിയുടെ അധ്യക്ഷ സ്ഥാനത്തുള്ളത്.

അതേസമയം, പഹൽഗാം ഭീകരാക്രമണത്തിൽ നിഷ്പക്ഷവും സുതാര്യവുമായ ഏതന്വേഷണത്തിനും തയ്യാറെന്ന് പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് പറഞ്ഞു. പാകിസ്ഥാനെതിരെ കടുത്ത നയതന്ത്ര നടപടികൾ ഇന്ത്യ സ്വീകരിച്ചതിന് പിന്നാലെയാണ് പാകിസ്ഥാനിൽ നിന്ന് ഇത്തരം ഒരു നടപടി വരുന്നത്. പഹൽഗാമിൽ അടുത്തിടെയുണ്ടായ ദുരന്തം നിരന്തരമായ കുറ്റപ്പെടുത്തൽ കളികളുടെ മറ്റൊരു ഉദാഹരണമാണെന്നും ഇത് അവസാനിപ്പിക്കണമെന്നും ഉത്തരവാദിത്വമുള്ള ഒരു രാജ്യം എന്ന നിലയിൽ നിഷ്പക്ഷവും സുതാര്യവും വിശ്വസനീയവുമായ ഏതൊരു അന്വേഷണത്തിനും സഹകരിക്കാൻ പാകിസ്ഥാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

# പകരം വെയ്ക്കാനില്ലാത്ത ഫ്രാൻസിസ് മാർപാപ്പ


ഫ്രാൻസിസ് മാർപാപ്പ

ഫ്രാൻസിസ് മാർപാപ്പ അന്തരിക്കുമ്പോൾ പകരംവെയ്ക്കാനില്ലാത്ത ഒരു കാലഘട്ടത്തിന്റെ അവസാനംതന്നെയായിരുന്നു. മാനവികതയെയും മനുഷ്യത്വത്തെയും ഉയർത്തിപ്പിടിച്ച പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിച്ച ആത്മീയ തലവനായിരുന്നു ഫ്രാൻസിസ് മാർപാപ്പ.

ഈസ്റ്റർദിനത്തിൽപോലും അദ്ദേഹത്തിന്റെ മനുഷ്യത്വം നാം കണ്ടു. ഗദ്ദയിൽ മരിക്കുന്ന മനുഷ്യരോടുള്ള ദയാനുകമ്പ, ചേർത്തുപിടിക്കൽ ഇതൊക്കെ അദ്ദേഹത്തിന്റെ വർത്തമാനകാലത്ത് ലോകത്തിനു നൽകുന്ന അടയാളപ്പെടുത്തലായിരുന്നു. വത്തിക്കാനിലെ മട്ടുപ്പാവിൽ വന്ന് ജനങ്ങളോട് പറയുന്നത് പാലസ്തീനിലെ ജനങ്ങളനുഭവിക്കുന്ന ദുരിതത്തെക്കുറിച്ചായിരുന്നു. അവിടെ എത്രയും വേഗം വെടിനിർത്തൽ വേണമെന്നായിരുന്നു. ദുരിതം അവസാനിപ്പിക്കണം. മനുഷ്യരിങ്ങനെ യുദ്ധത്തിലും കെടുതിയിലും അല്ല ജീവിക്കേണ്ടത്. സമാധാനമാണ് വേണ്ടത്. ഏറ്റവും ശക്തവും സമ്പന്നവുമായ ഒരു സഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഭാഷയാണ് സംസാരിച്ചത്. അത് അഭയാർത്ഥികളുടെ കാര്യത്തിലായാലും യുദ്ധത്തിന്റെ കാര്യത്തിലായാലും കുടിയേറ്റക്കാരുടെ കാര്യത്തിലായാലും ന്യൂനപക്ഷത്തിന്റെ കാര്യത്തിലായാലും ഈയൊരു സമീപനമാണ് മാർപാപ്പ സ്വീകരിച്ചിട്ടുള്ളത്.

സഭാ ധാർമ്മികതയ്ക്ക് യോജിക്കാത്തതെന്നു കരുതപ്പെടുന്ന ഭിന്നലൈംഗിക വിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി അവരുടെ അസ്ഥിത്വത്തെ മുൻനിർത്തി അദ്ദേഹം നിലപാടെടുത്തിരുന്നു. പൊതുവെ കത്തോലിക്കാ സഭയുടെ സ്വഭാവംവെച്ചു നോക്കിയാൽ എടുക്കാൻ സാധ്യതയില്ലാത്ത നിലപാടായിരുന്നു. ഇത് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്ന ആശ്ചര്യകരമായ കാര്യമാണ്. ഒരു മനുഷ്യൻ എന്ന നിലയിൽ ലോകഭരണത്തിന്റെ കാര്യത്തിലെന്നല്ല, വിശ്വാസസമൂഹത്തിന്റെ കാര്യത്തിലായാലും വ്യക്തമായ നിലപാടുകൾ ഉണ്ടായിരുന്ന അദ്ദേഹം ലോകത്തിന് ഒരു ദിശാസൂചിക കൊണ്ടുവന്നു. തീപ്പൊരി ഉയരും പോലെ മനുഷ്യൻ കഷ്ടതയ്ക്കായും യാതനകൾക്കായും ജനിച്ചിരിക്കുന്നു എന്നു പറയുകയുണ്ടായി. യാതന മനുഷ്യന്റെ കൂടെപ്പിറപ്പാണ്. അത് ഇല്ലാതാക്കാനാണ് മാനവരാശിയുടെ ഉത്തരവാദിത്വം.

മാർപാപ്പ സകലവിഷയത്തിലും സാധ്യമായ വിധത്തിൽ മാനവികതയുടെ സന്ദേശം കൊണ്ടുവരാൻ ശ്രമിച്ചു. വിവാഹവും പുനർവിവാഹവും എന്ന വിഷയത്തിൽ കുറച്ചുകൂടി ലളിതമായ നടപടികൾ കൊണ്ടുവരികയും അവരെക്കൂടി കേൾക്കേണ്ടതുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തിരുന്നു. പല പോപ്പുമാരും വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ ഫ്രാൻസിസ് മാർപാപ്പ വെറുപ്പില്ലാത്ത ഒരു മതനേതാവായിരുന്നു.

## ഡോ. എ. ജയതിലക് പുതിയ ചീഫ് സെക്രട്ടറി



തിരുവനന്തപുരം: കേരളത്തിന്റെ അടുത്ത ചീഫ് സെക്രട്ടറിയായി മുതിർന്ന സിവിൽ സർവീസ് ഉദ്യോഗസ്ഥനായ

(ശേഷം 2 -ാം പേജിൽ)

# സി.എം.ആർ.എല്ലിന് സേവനം നൽകിയിട്ടില്ലെന്ന് വീണ സമ്മതിച്ചു: എസ്.എഫ്ഐ.ഒ കുറ്റപത്രം


ടി.വീണ

തിരുവനന്തപുരം: മാസപ്പടി കേസിൽ സി.എം.ആർ.എല്ലിന് സേവനം നൽകിയിട്ടില്ലെന്ന് ടി.വീണ സമ്മതിച്ചതായി എസ്.എഫ്ഐ.ഒ. കുറ്റപത്രത്തിലെ വീണയുടെ മൊഴിയിലെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. മാസപ്പടിക്കേസ് കുറ്റപത്രം കൂടുതൽ കേന്ദ്ര ഏജൻസികളിലേക്ക് എസ്.എഫ്ഐ.ഒ നൽകിയിട്ടുണ്ട്. കേസിലെ അന്തിമ കുറ്റപത്രമാണ് കേന്ദ്ര ഏജൻസികൾക്ക് കൈമാറിയത്.

നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് അതോറിറ്റി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ, നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ എന്നിവയ്ക്കാണ് അന്വേഷണ വിവരങ്ങൾ കൈമാറിയത്. സി.എം.ആർ.എല്ലിന്റെ സഹോദരസ്ഥാപനത്തിൽ നിന്ന് എടുത്ത ലോൺ അടയ്ക്കാൻ സി.എം.ആർ.എല്ലിൽ നിന്ന് ലഭിച്ച പണം ഉപയോഗിച്ചുവെന്നും പൊതുസ്ഥാപനമായ സി.എം.ആർ.എല്ലിന് ഇത് വലിയ സാമ്പത്തികനഷ്ടം ഉണ്ടാക്കി എന്നും കുറ്റപത്രത്തിൽ പറയുന്നു. ഇതിനായി ശശിധരൻ കർത്തായും ടി. വീണയും ചേർന്ന് ഗൂഢാലോചന നടത്തിയതായി റിപ്പോർട്ടിലുണ്ട്.

# തമിഴ്നാട്ടിൽ സെന്തിലും പൊൻമുടിയും പുറത്ത്; മനോ തങ്കരാജ് വീണ്ടും മന്ത്രി

ചെന്നൈ: കോടതികളുടെ രൂക്ഷ വിമർശനത്തിനു പിന്നാലെ മന്ത്രിമാരായ വി. സെന്തിൽ ബാലാജി, കെ. പൊൻമുടി എന്നിവർ തമിഴ്നാട് മന്ത്രിസഭയിൽ നിന്ന് പുറത്തായി. ഇരുവരുടെയും വകുപ്പുകൾ മൂന്നു മന്ത്രിമാർക്കായി വീതിച്ചു നൽകിയ മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ, ടി. മനോ തങ്കരാജിനെ വീണ്ടും മന്ത്രിസഭയിൽ ഉൾപ്പെടുത്തി.

സർക്കാർജോലിക്ക് കോഴവാങ്ങിയെന്ന കേസിൽ ഇ.ഡി. അറസ്റ്റുചെയ്ത സെന്തിൽ 471 ദിവസത്തെ ജയിൽവാസത്തിനുശേഷം പുറത്തിറങ്ങി മൂന്നാം ദിവസം മന്ത്രിയായതിനെ സുപ്രീംകോടതി വിമർശിച്ചിരുന്നു. പദവിയിൽ തുടർന്നാൽ ജാമ്യം റദ്ദാക്കുമെന്ന് മുന്നറിയിപ്പ് നൽകിയ കോടതി, മന്ത്രിപദമാണോ വ്യക്തിസ്വാതന്ത്ര്യമാണോ വേണ്ടതെന്ന് അറിയിക്കാൻ കൊടുത്ത സമയം ഇന്ന് അവസാനിക്കാനിരിക്കെയാണ് സെന്തിൽ രാജി നൽകിയത്.

വൈഷ്ണവ-ശൈവ വിശ്വാസങ്ങളെയും സ്ത്രീകളെയും അവഹേളിച്ചു സംസാരിച്ച കെ. പൊൻമുടിക്കെതിരെ മദ്രാസ് ഹൈക്കോടതി സ്വമേധയാ കേസെടുത്തതാണ് അദ്ദേഹത്തിന് തിരിച്ചടിയായത്.

# സമ്പൂർണ ഇ–സ്റ്റാമ്പിങ്ങിലേക്ക് മാറി സംസ്ഥാനത്തെ രജിസ്ട്രേഷൻ ഇടപാടുകൾ

തിരുവനന്തപുരം:സംസ്ഥാനത്തെ രജിസ്ട്രേഷൻ ഇടപാടുകൾ സമ്പൂർണ ഇ-സ്റ്റാമ്പിങ്ങിലേക്ക് മാറി സംസ്ഥാനത്തെ രജിസ്ട്രേഷൻ ഇടപാടുകൾ. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾ 2017 മുതൽ തന്നെ ഇ-സ്റ്റാമ്പിങ്ങിലേക്ക് മാറിയിരുന്നെങ്കിലും അതിനു താഴേക്കുള്ള മുദ്രപത്രങ്ങൾ കൂടി ഇ-സ്റ്റാമ്പിങ്ങിലേക്ക് മാറിയതോടെ രജിസ്ട്രേഷൻ മേഖലയിൽ ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്ന ആദ്യ സംസ്ഥാനമെന്ന നേട്ടത്തിലാണ് കേരളം. മുദ്രപത്രങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാകുന്നതാണ് ഇ-സ്റ്റാമ്പിങ്.

സംസ്ഥാനത്തിന്റെ പ്രധാന വരുമാനമാർഗങ്ങളിലൊന്നായ രജിസ്ട്രേഷൻ മേഖലയിലെ സേവനങ്ങൾ കൂടുതൽ സുതാര്യതയോടെയും വേഗത്തിലും പൊതുജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-സ്റ്റാമ്പിംഗ് സേവനങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. https://www.estamp.treasury.kerala.gov.in/ വെണ്ടർമാരുടെ തൊഴിൽ നഷ്ടം പരിഗണിച്ച് അവരുടെ വരുമാനം നിലനിർത്തിയാണ് സേവനങ്ങൾ നൽകുന്നത്. ഇ-സ്റ്റാമ്പിംഗ് വഴി വെണ്ടർമാർ മുഖേന പൊതുജനങ്ങൾക്ക് മുദ്രപത്രങ്ങൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ സാധിക്കും. വെണ്ടർമാർക്ക് വെബ്സൈറ്റ് ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക ലോഗിൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.



മുദ്രപത്രങ്ങൾ കടലാസിൽ അടിക്കുന്നത് ഒഴിവാകുന്നതിലൂടെ പ്രതിവർഷം 60 കോടിയിൽപ്പരം രൂപ സർക്കാരിന് ലാഭമുണ്ടാകുമെന്നാണ് ഏകദേശ കണക്ക്.

ട്രഷറിവകുപ്പാണ് മുദ്രപത്രങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതെങ്കിലും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപയോക്താക്കൾ രജിസ്ട്രേഷൻ വകുപ്പാണ്. ഇ-സ്റ്റാമ്പിങ്ങിലൂടെ ഏത് മൂല്യത്തിലുള്ള മുദ്രപത്രവും ലഭ്യമാക്കാൻ കഴിയുമെന്നത് മുദ്രപത്രക്ഷാമമെന്ന പരാതിക്ക് ശാശ്വത പരിഹാരമായി മാറുകയാണ്.

രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പഴയ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടത്തി ആധാര പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ രജിസ്ട്രേഷൻ മേഖലയിൽ സമഗ്രമായ ഇ-സ്റ്റാമ്പിംഗ് സേവനങ്ങൾ നടപ്പിലാക്കുന്നത് പ്രക്രിയകളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കും. ഡിജിറ്റലൈസേഷൻ ശ്രമങ്ങളും നൂതനമായ പേയ്മെന്റ് സംവിധാനങ്ങളും അവതരിപ്പിക്കുന്നതിലൂടെ, പൊതുസേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് കേരളം രാജ്യത്തിന് തന്നെ വീണ്ടും മാതൃകയാകുകയാണ്.

# ചികിത്സാരംഗത്തെ വിശ്വാസ്യത മെഡിക്കൽ ട്രസ്റ്റിന്റെ ശക്തി: ഗവർണർ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സൗത്ത് ബ്ലോക്ക് ഉദ്ഘാടനം നിർവ്വഹിച്ചു



മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ സൗത്ത് ബ്ലോക്കിന്റെ ഉദ്ഘാടനം എറണാകുളം ടാജ് വിവാന്റയിൽ സംഘടിപ്പിച്ച ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവ്വഹിക്കുന്നു. ടി. ജെ. വിനോദ് എം. എൽ. എ, ഹൈബി ഈഡൻ എം. പി, ഡോ. പി. വി. ലൂയിസ്, മന്ത്രി പി. രാജീവ്, ഡോ. പി. വി. തോമസ്, പി. വി. സേവ്യർ എന്നിവർ സമീപം.

കൊച്ചി: മെഡിക്കൽ രംഗത്ത് ആവശ്യമായ സേവനത്വരയും മാനുഷിക പരിഗണനയും ഒരുപോലെ പുലർത്തിയതാണ് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ വളർച്ചയ്ക്ക് കാരണമായതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. ചികിത്സാ രംഗത്തെ വിശ്വാസ്യതയാണ് ഇതിനുള്ള മൂലധനം.

മെഡിക്കൽ ട്രസ്റ്റ് സ്ഥാപകൻ ഡോ. വർഗീസ് പുളിക്കൻ സ്വപ്നം കണ്ട വളർച്ച ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ സൗത്ത് ബ്ലോക്കിന്റെ ഉദ്ഘാടനം എറണാകുളം ടാജ് വിവാന്റയിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു ഗവർണർ. രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് എഴുപത്തിയഞ്ച് വർഷം പിന്നിടുമ്പോഴും ഗ്രാമങ്ങളിൽ ഇപ്പോഴും മതിയായ മെഡിക്കൽ സേവനത്തിന്റെ ലഭ്യതക്കുറവുണ്ട്. സർക്കാരുകൾക്ക് പരിമിതകൾ ഉണ്ട്. ജനവിശ്വാസ്യത ആർജിച്ച ആശുപത്രികൾ ഗ്രാമങ്ങളിലേയ്ക്കും തങ്ങളുടെ സേവനം വിപുലപ്പെടുത്തുന്നതിന് കർമ്മപദ്ധതികൾ രൂപീകരിക്കണമെന്നും ഗവർണർ ആഹ്വാനം ചെയ്തു.

ചടങ്ങിൽ മെഡിക്കൽ ആൻഡ് കൊമേഴ്സ്യൽ ഡയറക്ടർ ഡോ. പി. വി. തോമസ് സ്വാഗതം പറഞ്ഞു. മന്ത്രി പി. രാജീവ്, ഹൈബി ഈഡൻ എം. പി., ടി. ജെ. വിനോദ് എം. എൽ. എ, മെഡിക്കൽ ട്രസ്റ്റ് മാനേജിംഗ് ഡയറക്ടർ ഡോ. പി. വി. ലൂയിസ് എന്നിവർ സംസാരിച്ചു. ഫിനാൻസ് ഡയറക്ടർ പി.വി. സേവ്യർ ഗവർണർക്ക് മൊമെന്റോ സമ്മാനിച്ചു.

ആധുനിക ചികിൽസാ സംവിധാനങ്ങളായ റോബോട്ടിക് സർജറി, ട്രാൻസ്പ്ലാന്റ് സെന്റർ, ബൈ പ്ലെയിൻ കാത്ത് ലാബ്, ബോൺമാരോ ട്രാൻസ്പ്ലാന്റ്, കാർ-ടി സെൽ തെറാപ്പി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കും, മെഡിക്കൽ ടൂറിസത്തിനും കൂടുതൽ ഊന്നൽ നൽകുന്നതിനാണ് സൗത്ത് ബ്ലോക്ക് എന്ന പേരിൽ നിലവിലെ ആശുപത്രിക്ക് സമീപം പുതിയ ബഹുനില കെട്ടിടം പ്രവർത്തന സജ്ജമാക്കിയതെന്ന് മാനേജിംഗ് ഡയറക്ടർ പറഞ്ഞു.

# 'എയർവിസ് സീരിസ്" ബി.എൽ.ഡി.സി സീലിംഗ് ഫാനുകൾ വിപണിയിൽ അവതരിപ്പിച്ച് വി–ഗാർഡ്



മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമ്മാതാക്കളായ വി-ഗാർഡ് ഏറ്റവും പുതിയ 'എയർവിസ് സീരിസ്' ബി.എൽ.ഡി.സി സീലിംഗ് ഫാനുകൾ അവതരിപ്പിക്കുന്നു.

കൊച്ചി: മികച്ച പെർഫോമൻസും ആകർഷകമായ ഡിസൈനും ഒത്തുചേർന്ന പുതിയ ബി.എൽ.ഡി.സി (Brushless Direct Current) സീലിംഗ് ഫാനുകൾ വിപണിയിൽ അവതരിപ്പിച്ച് മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമ്മാതാക്കളായ വി-ഗാർഡ്. എയർവിസ് ലൈറ്റ്, എയർവിസ് പ്രൈം, എയർവിസ് പ്ലസ് എന്നീ മോഡലുകളാണ് എയർവിസ് സീരിസിന്റെ ഭാഗമായി വിപണിയിലെത്തുന്നത്. കുറഞ്ഞ വൈദ്യുതി ഉപഭോഗത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇത്തരം മോഡലുകൾ വീടുകളുടെ ഇന്റീരിയറിന് അനുയോജ്യമായ രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കേവലം 35 വാട്ട്സിൽ 370 RPM (റൊട്ടേഷൻ പെർ മിനിറ്റ്) വേഗതയിൽ പ്രവർത്തിക്കുന്ന എയർവിസ് സീരിസ് മോഡലുകൾ മറ്റു ഫാനുകളെക്കാൾ വൈദ്യുതി ലാഭിക്കും. വായു ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡസ്റ്റ് റിപ്പലന്റ് കോട്ടിംഗ് ആണ് ഫാനുകൾക്കുള്ളത്. മികച്ച കൂളിംഗ് ക്ഷമതയ്ക്ക് പുറമെ ചെലവ് കുറഞ്ഞ പരിപാലനം, തണുപ്പ് കാലത്തേക്കുള്ള റിവേഴ്സ് മോഡ് ഓപ്പറേഷൻ എന്നിവ എയർവിസ് സീരിസ് മോഡലുകളുടെ പ്രത്യേകതയാണ്.

ഊർജ്ജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ വീടുകളിൽ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ചത് നൽകുന്ന വി-ഗാർഡിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് എയർവിസ് ബി.എൽ.ഡി.സി സീലിംഗ് ഫാനുകൾ അവതരിപ്പിച്ചതിലൂടെ പൂർത്തീകരിച്ചതെന്ന് വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എം.ഡി. മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. വി-ഗാർഡിന്റെ ബിസിനസ് വളർച്ചയിൽ നിർണായക സ്വാധീനം ചെലുത്തുന്നത് ഫാനുകളുടെ വിപണനമാണ്.

സുസ്ഥിരതയെക്കുറിച്ചും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഉപഭോക്താക്കളിൽ അവബോധം വർധിക്കുന്ന സാഹചര്യത്തിൽ, ബി.എൽ.ഡി.സി ടെക്നോളജി കാലഘട്ടത്തിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു. ആധുനിക ഇന്ത്യയിൽ സമസ്ത മേഖലയിലും പരിവർത്തനം പ്രകടമാണ്. ഉപഭോക്താക്കളുടെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ചുള്ള ഉൽപന്നങ്ങൾ വിപണനം ചെയ്ത്, ഈ പരിവർത്തനത്തിന് നേതൃത്വം നൽകാൻ വി-ഗാർഡ് പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവീനഭൂമി
2025 ഏപ്രിൽ 16 - 30 പുസ്തകം 12 ലക്കം 5

## സർക്കാർ വാർഷികം പണച്ചെലവിന്റെ ആഘോഷമോ?

രണ്ടാം പിണറായി സർക്കാർ നാലാം വാർഷികം ആഘോഷിക്കുമ്പോൾ അടുത്ത തെരഞ്ഞെടുപ്പിനുള്ള കോപ്പുകൂട്ടുകയാണ്. കാസർകോട് നിന്നാരംഭിച്ച വാർഷികാഘോഷത്തിൽ പ്രദർശന മേളയും പിന്നീട് നവകേരളയാത്രയിൽ കണ്ടതുപോലെ പൗരപ്രമുഖരുടെയും ബിസിനസ് പ്രമുഖരുടെയും സാന്നിധ്യം എൽ.ഡി.എഫിന്റെ ആത്മവിശ്വാസത്തിനു കരുത്തുനൽകുന്നതായിട്ടാണ് കാണാൻ കഴിഞ്ഞത്. ഒരു മുന്നണിക്കും ഭരണ തുടർച്ച നൽകാത്ത കേരളചരിത്രം തിരുത്തിയെഴുതിയപ്പോൾ അസാധ്യമെന്നു കരുതിയത് സാധ്യമാക്കിയവർ മൂന്നാമൂഴവും നേടാനാകുമെന്ന വിശ്വാസത്തിലാണ്.

എന്നാൽ ഇതൊരു ആഘോഷമല്ലെന്നും വികസനവും ലക്ഷ്യവും കൂടുതൽ കരുത്തുറ്റതാക്കുകയാണ് ലക്ഷ്യമെന്നും എൽ.ഡി.എഫ് പറയുമ്പോൾ സംസ്ഥാനത്ത് അഞ്ഞൂറോളം കട്ടൗട്ടുകളും ബാനറുകളുമാണ് അമിതമായ പണം മുടക്കി പിണറായി വിജയനെ പ്രകീർത്തിച്ചു കൊണ്ട് ഉയരുന്നതെന്നാണ് പ്രതിപക്ഷ നിര ഉയർത്തുന്നത്. 15 കോടിയിലധികം രൂപയാണ് ഈ കട്ടൗട്ടുകൾക്കും ബാനറുകൾക്കുമായി ധൂർത്തടിക്കുന്നതെന്ന് ഇവർ അവകാശപ്പെടുന്നു. കനത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആരോഗ്യമേഖലയിലൊക്കെ വലിയ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ വലിയ ആഡംബരവും പണച്ചെലവും ധൂർത്തുമായി സർക്കാരിന്റെ വാർഷികം കൊണ്ടാടുന്നതിൽ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് പ്രതിപക്ഷം അതിൽ നിന്നു വിട്ടുനിൽക്കുന്നതും നാം കാണുന്നുണ്ട്.

സർക്കാർ അതിന്റെ വാർഷിക പരിപാടികൾ നടത്തുന്നത് സ്വാഭാവികം. മുൻപും പല സംസ്ഥാനങ്ങളും അവരുടെ പ്രോജക്റ്റുകളെ പുകഴ്ത്തുന്നത് പുതിയൊരു കാര്യമല്ല. എന്നാൽ ഇവിടെ വിമർശനങ്ങൾ ഉയരുന്നതിനു പിന്നിൽ പല ഘടകങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമ പെൻഷനുകൾ കൃത്യമായി കൊടുക്കുമെന്നു പറഞ്ഞു കൊണ്ടിരുന്ന കഥയാണ് പറഞ്ഞതെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ക്ഷേമ പെൻഷനുകൾ മുടങ്ങിയ അനുഭവങ്ങളാണ് കാണാൻ കഴിഞ്ഞത്. സർക്കാരിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതികളിലൊന്നാണ് ക്ഷേമപെൻഷൻ കൂട്ടുക എന്നത്. ഒരുവശത്ത് ആശാവർക്കർമാർ അവരുടെ വേതന വർദ്ധനയുമായി സമരം ചെയ്യുമ്പോൾ സർക്കാരിന്റെ സാമ്പത്തിക പ്രയാസത്തിന്റെ കാര്യം പറയുകയാണ്. എല്ലാ അർത്ഥത്തിലും ഇവിടെ പ്രയാസങ്ങൾ നേരിടുമ്പോൾ സർക്കാർ ഈ ചെലവാക്കുന്ന പണത്തിന്റെ കാര്യം എന്തുമാത്രം നീതിയുക്തമാണ്, ധാർമ്മികമാണോ എന്ന ചോദ്യമാണ് ഉയരുന്നത്.

അടുത്തു തന്നെ തദ്ദേശ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും നടക്കാൻ പോകുകയാണ്. കൂടാതെ, നിലമ്പൂരിലെ തെരഞ്ഞെടുപ്പും വരാൻ പോകുന്നു. പ്രചാരണത്തിന്റെയും ആഘോഷത്തിന്റെയും കാര്യം മാറ്റി നിർത്തിയാൽ നാലു വർഷം പിന്നിടുന്ന ഈ സർക്കാർ എങ്ങനെ പ്രവർത്തിച്ചു എന്നതാണ് നോക്കിക്കാണേണ്ടത്. ഗവൺമെന്റ് ഒരു വാർഷിക പരിപാടി നടത്തുമ്പോൾ ആളുകളുടെ ഫീഡ് ബാക്ക് എന്താണെന്ന് അറിയേണ്ടതുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ജനങ്ങളുടെയിടയിൽ വലിയ മതിപ്പായിരുന്നു. അതുകൊണ്ടാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വരുന്നത്. അപ്പോൾ എന്തു മാത്രം സ്വീകാര്യത നിലനിർത്താൻ കഴിയുന്നുണ്ട് എന്നൊരു ചോദ്യമുദിക്കുന്നുണ്ട്.

ബൈ ഇലക്ഷന്റെയും ലോക്സഭാ തെരഞ്ഞെടുപ്പിന്റെയുമൊക്കെ തെരഞ്ഞെടുപ്പ് ഫലം വെച്ചുനോക്കുമ്പോൾ ഗവൺമെന്റിന് വലിയ തോതിലുള്ള അപ്രീതി ജനങ്ങൾക്കിടയിലുണ്ട്. സർക്കാരിന് ഫണ്ടില്ലാതെ വരുമ്പോൾ എല്ലാ ക്ഷേമപ്രവർത്തനങ്ങളും പാതി വഴിക്കാകും. അപ്പോൾ ആളുകൾ അസ്വസ്ഥരാകും. കെ-റെയിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിന്റെ പേരിൽ ആളുകളുടെ വീടുകളിലേക്കും പറമ്പുകളിലേക്കും ഇടിച്ചു കയറി ആധിപത്യ രൂപത്തിൽ മഞ്ഞക്കുറ്റിയിട്ടു. അത് വികസനത്തിന്റെ വലിയൊരു വണ്ടി വരുമെന്ന് ആളുകൾ വിചാരിക്കുമെന്നാണ് ഈ സർക്കാർ കരുതിയതെങ്കിൽ അത് ആളുകളുടെ സ്വകാര്യ ഇടങ്ങളിലേക്കുള്ള കടന്നു കയറ്റമായിട്ടാണ് ജനം ഏറ്റെടുത്തത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ടി. വീണയുമായി ബന്ധപ്പെട്ടിട്ടുള്ള വിവാദങ്ങൾ ഒന്നും ഇപ്പോഴും അവസാനിച്ചിട്ടില്ല.അതിന്റെ സംശയങ്ങൾ ഇപ്പോഴും ബാക്കി നിൽക്കുന്നു, അന്വേഷണം തുടരുകയാണ്. കൂടാതെ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു കേൾക്കുന്ന വിവാദങ്ങൾക്ക് വളരെ വിശ്വസനീയമായ മറുപടി കൊടുക്കുവാനും കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല ആർ.എസ്.എസ്. ബന്ധം ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ നിരന്തരമായി സംരക്ഷിക്കപ്പെടുന്ന കാഴ്ചയും കണ്ടു കൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ ഗവൺമെന്റ് നാലു വർഷം ആഘോഷിക്കുന്നത് ശരിയാണെങ്കിൽ പോലും റോഡ്, പാലം തുടങ്ങിയ അടിസ്ഥാന വികസന കാര്യങ്ങൾ ഉണ്ടാക്കിയ കഥപറയാൻ കഴിയുമെങ്കിലും കേരളത്തിൽ രാഷ്ട്രീയമായി ഉറ്റു നോക്കുന്ന ജനങ്ങളോട്, രാഷ്ട്രീയമായി നിങ്ങൾ എത്രമാത്രം ശരിയായ നിലയിൽ നിന്നു, ഇന്നത്തെ ഇന്ത്യൻ സമൂഹം നേരിടുന്ന വർഗ്ഗീയമായ ആശയത്തെ തടഞ്ഞു നിർത്തുന്നതിൽ എന്തുചെയ്തു തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സർക്കാരിനു മുന്നിലുള്ളതാണ്.

ഇതേസമയം ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്ന് വിശ്വാസം ഉറപ്പിക്കാനാണ് വരും നാളുകളിൽ എൽ.ഡി.എഫ്. ചെയ്യുന്നത്. പിണറായി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളായ വിഴിഞ്ഞം തുറമുഖം, അതിദരിദ്രർ ഇല്ലാത്ത ഇന്ത്യയിലെ ആദ്യസംസ്ഥാനം, ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റങ്ങൾ, ദേശീയപാത വികസനം, മലയോര-തീരദേശ ഹൈവേ, വാട്ടർ മെട്രോ, സിറ്റി ഗ്യാസ്, വ്യവസായ ഇടനാഴി, കെ-ഫോൺ, ദേശീയപാത തുടങ്ങിയ നേട്ടങ്ങളുടെ അവകാശ വാദം ജനമനസ്സുകളിൽ ഉറപ്പിക്കാനാകും മുന്നണി ശ്രമിക്കുക. അതേസമയം പിണറായി വിജയൻ വീണ്ടും മുഖ്യമന്ത്രിയാകുമോ എന്ന ചോദ്യത്തിന് ഉത്തരമില്ലെങ്കിലും അടുത്ത മുന്നണിയെ നയിക്കാനുള്ള ശ്രമമാണ് നടന്നു കൊണ്ടിരിക്കുന്നത്. വികസനങ്ങൾ എണ്ണിപ്പറയാൻ എൽ.ഡി. എഫിന് കഴിയുന്നതുപോലെ ജനങ്ങളെ സ്വാധീനിക്കുന്ന ശക്തമായ പ്രതിപക്ഷ വിമർശനങ്ങൾ ഉണ്ടാകാത്തതും നിരാശാജനകമായി കാണേണ്ടിയിരിക്കുന്നു.

# രാജ്യത്തെ ഞെട്ടിച്ച ഭീകരാക്രമണം; ആരാണ് പെഹൽഗാം ആക്രമണങ്ങൾക്ക് പിന്നിലുള്ള ടി.ആർ.എഫ്



ജമ്മുകശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിന്റെ ഞെട്ടലിലാണ് രാജ്യം. കശ്മീർ സന്ദർശിക്കാനെത്തിയ വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ആക്രമണത്തിൽ 27 പേരോളമാണ് കൊല്ലപ്പെട്ടത്. ഈ ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തത് ദി റെസിസ്റ്റൻസ് ഫ്രണ്ട് അഥവാ ടി.ആർ.എഫ് എന്ന ഗ്രൂപ്പാണ്. പാക്കിസ്ഥാൻ ഭീകരസംഘടനയായ ലഷ്കർ-ഇ- തൊയ്ബയിൽ നിന്നുണ്ടായ നിഴൽഗ്രൂപ്പാണ് ഇതെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. ആഭ്യന്തരമന്ത്രാലയത്തിന്റെ 2023-ലെ വിജ്ഞാപനം അനുസരിച്ച് ആർട്ടിക്കിൾ 370 റദ്ദാക്കലും 2019-ലെ ജമ്മുകശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളയലും അടക്കമുള്ള നടപടികൾക്ക് ശേഷമാണ് ഈ സംഘടന രൂപംകൊണ്ടത്. സാജിദ് ജാട്ട്, സജ്ജാദ് ഗുൾ, സലിം റഹ്മാനി എന്നിവരാണ് സംഘടനയുടെ നേതൃത്വത്തിലുള്ളത്. ഇവരെല്ലാം തന്നെ ലഷ്കറുമായി ബന്ധമുള്ളവരാണ്.

നിലവിലെ ജമ്മു-കശ്മീരിലെ സമാധാന അന്തരീക്ഷം ഇല്ലാതെയാക്കൽ, അതിർത്തിക്കപ്പുറം ആയുധങ്ങളും മയക്കുമരുന്നുകളും കടത്തുക, തീവ്രവാദികളെ റിക്രൂട്ട് ചെയ്യുക എന്നിവയെല്ലാമാണ് സംഘടന നടത്തുന്നത്. ടെലിഗ്രാം, വാട്ട്സാപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ മേഖലയിൽ റാഡിക്കലൈസേഷനും ഇവർ നടത്തുന്നു.

മതപരമായ അർഥങ്ങളുള്ള സംഘടനകളിൽനിന്നും മാറിയാണ് ടി.ആർ.എഫ് രൂപം നൽകിയിരിക്കുന്നത്. കശ്മീർപ്രശ്നത്തെ തദ്ദേശിയമായി ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള പാക്കിസ്ഥാൻ ശ്രമത്തിന്റെ ഭാഗമായാണ് ഈ തീരുമാനമെന്നാണ് സൂചന. അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ കശ്മീരിലെ ജനങ്ങൾ പീഡനം അനുഭവിക്കുന്നതായി ഏറെക്കാലമായി പാക്കിസ്ഥാൻ ആരോപിക്കുന്നതാണ്. ഇതിന് ബലം നൽകാനാണ് ഇത്തരമൊരു നീക്കമെന്ന് ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു.

### പഹൽഗാമിലെ ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം: യു.എൻ. സുരക്ഷാസമിതി

പഹൽഗാമിലെ ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് യു.എൻ സുരക്ഷാസമിതി. ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നുവെന്നും പ്രസ്താവനയിലൂടെ സുരക്ഷാസമിതി വ്യക്തമാക്കി. ഭീകരാക്രമണത്തിന് പിന്നിലുള്ള സംഘാടകർ, സാമ്പത്തികസഹായം നൽകുന്നവർ, സ്പോൺസർമാർ തുടങ്ങിയ എല്ലാവരെയും പിടികൂടി നിയമത്തിനു മുൻപിൽ എത്തിക്കേണ്ടതിന്റെ ആവശ്യകത സുരക്ഷാസമിതിയിലെ എല്ലാ അംഗങ്ങളും അടിവരയിട്ട് ആവശ്യപ്പെട്ടു. വിഷയത്തിൽ ബന്ധപ്പെട്ട അധികൃതരുമായി സഹകരിക്കണമെന്നും സുരക്ഷാസമിതി ആവശ്യപ്പെട്ടു. സുരക്ഷാസമിതി അധ്യക്ഷനാണ് അംഗങ്ങൾക്ക് വേണ്ടി പ്രസ്താവന പുറത്തിറക്കിയത്. 15 രാജ്യങ്ങളാണ് സുരക്ഷാസമിതിയിൽ ഉള്ളത്. ഈ മാസം ഫ്രാൻസ് ആണ് സമിതിയുടെ അധ്യക്ഷ സ്ഥാനത്തുള്ളത്.

അതേസമയം, പഹൽഗാം ഭീകരാക്രമണത്തിൽ നിഷ്പക്ഷവും സുതാര്യവുമായ ഏതന്വേഷണത്തിനും തയ്യാറെന്ന് പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് പറഞ്ഞു. പാകിസ്ഥാനെതിരെ കടുത്ത നയതന്ത്ര നടപടികൾ ഇന്ത്യ സ്വീകരിച്ചതിന് പിന്നാലെയാണ് പാകിസ്ഥാനിൽ നിന്ന് ഇത്തരം ഒരു നടപടി വരുന്നത്. പഹൽഗാമിൽ അടുത്തിടെയുണ്ടായ ദുരന്തം നിരന്തരമായ കുറ്റപ്പെടുത്തൽ കളികളുടെ മറ്റൊരു ഉദാഹരണമാണെന്നും ഇത് അവസാനിപ്പിക്കണമെന്നും ഉത്തരവാദിത്വമുള്ള ഒരു രാജ്യം എന്ന നിലയിൽ നിഷ്പക്ഷവും സുതാര്യവും വിശ്വസനീയവുമായ ഏതൊരു അന്വേഷണത്തിനും സഹകരിക്കാൻ പാകിസ്ഥാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

# തൊലിപ്പുറത്തെ ചികിത്സ അവസാനിപ്പിക്കുക

**കാരൂർ സോമൻ (ചാരുംമൂടൻ)**

ആർഷ ഭാരതത്തിന്റെ അടിവേരുകൾ പതിഞ്ഞുകിടക്കുന്ന പുണ്യഭൂമിയായ ഹിമാലയംപോലെ സഞ്ചാ രികളെ വിസ്മയിപ്പിക്കുന്ന പ്രകൃതി സൗന്ദര്യം നിറഞ്ഞുകിടക്കുന്ന പൈൻ മരക്കാടുകൾ, തടാക, പർവ്വതനിരക ളുള്ള പ്രദേശങ്ങളാണ് കാശ്മീർ താഴ്‌വരകൾ. കാശ്മീരിലെ പഹൽഹാം മലമടക്കുകളിൽ മനം കവരുന്ന കാഴ്ചകൾ കണ്ടു് നടന്ന നിരപരാധികളായ 29 സഞ്ചാരികളെ മതം ചോദിച്ചുകൊണ്ട് ഭീകര ഭീരുക്കൾ കൂട്ട ക്കൊലചെയ്തത് ലോകജനത ഞെട്ടലോടെയാണ് കണ്ടത്. അവർ വൈകാരികമായ ഐക്യദാർഢ്യം പ്രഖ്യാപി ക്കയും ചെയ്തു. ദീർഘകാലമായി കശ്മീരിലെ ടൂറിസത്തിൽ കൂടി പട്ടിണിയില്ലാതെ ജീവിച്ച പാവം മുസ്ലിങ്ങ ളുടെ അന്നവും ഈ നാരദന്മാർ നരകതുല്യമാക്കി. പാകിസ്താനെതിരെ ശക്തമായി അപലപിച്ചുകൊണ്ട് തെരുവീഥികളിൽ അവർ പ്രതിഷേധം നടത്തുകയും ചെയ്തു.

പാകിസ്ഥാനിൽ നായ്ക്കളെപോലെ തെണ്ടിത്തിരിഞ്ഞു നടക്കുന്ന ശാസ്ത്ര സാങ്കേതിക മേഖലകളിൽ പരിജ്ഞാനം നേടേണ്ട യുവാക്കൾ പഠിക്കുന്നത് വെടിയുണ്ട മറ്റുള്ളവന്റെ നെഞ്ചിൽ എങ്ങനെ തുളച്ചു കയറ്റാം, ബോംബ് എങ്ങനെയുണ്ടാക്കാമെന്നുള്ള ബിരുദങ്ങളാണ് പാകിസ്ഥാൻ അധോലോക ഫാക്ടറികളിൽ പഠിപ്പിക്കുന്നത്. ആ ബിരുദം നേടിയവർക്ക് പത്തു ലക്ഷം മുതൽ ഒരു കോടിവരെ ശമ്പളമുണ്ട്. ഇവിടുത്തെ ബിരുദം നേടിയവരാണ് ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് തൊഴിൽ തേടി പോയി ആ രാജ്യങ്ങളുടെ മനഃസമാ ധാനം തകർക്കുന്നത്. ഇന്ത്യയടക്കം ഗൾഫ് രാജ്യങ്ങളിൽ നിന്ന് പണം ഇന്ത്യയിലേക്ക് ഒഴുകിയ നാൾ മുതലാണ് മതത്തെ ഒരു രാഷ്ട്രീയ ആയുധമായി മത മൗലികവാദികൾ ഉപയോഗിക്കുന്നത്.നാല്പത് വർഷങ്ങൾക്ക് മുമ്പ് എല്ലാം മതവിശ്വാസികളും സഹോദരി സഹോദരങ്ങളെപോലെ ജീവിച്ച നാടുകളിൽ ഇന്ന് മതസ്പർദ്ധ വളർ ത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് മത രാഷ്ട്രീയ രംഗത്തുള്ളവരാണ്.അധികാരം പിടിച്ചെടുക്കാൻ മനു ഷ്യന്റെ മാനസിക വളർച്ചയെ പിന്നിലാക്കി വോട്ട് വളർച്ചയുണ്ടാക്കി സമൂഹത്തെ അന്ധകാരത്തിലേക്ക് നയിക്കുന്നു.മനുഷത്വമുള്ള മനുഷ്യർ ഇതെല്ലാം അത്ഭുതത്തോടെ കാണുന്നു. ഇന്ത്യ-പാകിസ്ഥാൻ-ബംഗ്ളാദേ ശിലെ ഭരണവർഗ്ഗം പുരോഹിതരെ കൂട്ടുപിടിച്ച് അവരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി വർഗ്ഗീയതയുടെ വിഷവിത്തുകൾ പാകി അധോഗതിയിൽ നിന്ന് അധോഗതിയിലേക്ക് പോകുകയാണ്. സമത്വസുന്ദരമായൊരു നാട്ടിൽ മനുഷ്യരുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് നേരെ നടന്ന നരനായാട്ട് മതഭീകരത മാത്രമല്ല ലോകത്തെ വൻശക്തിയായി ഇന്ത്യ വളരുന്നതിലുള്ള പാകിസ്താന്റെ അസൂയ, അസഹിഷ്ണത കൂടിയാണ്.

1978-ലും 1994-ലും ഞാൻ കാശ്മീരിൽ പോയിട്ടുണ്ട്. തടാക താഴ്‌വാരങ്ങളിൽ സദാ സൗന്ദര്യം വർ ഷിച്ചു് നിൽക്കുന്ന പൂക്കൾ ഇന്നും മനസ്സിലുണ്ട്. ഭീകരതയ്ക്ക് മതമില്ലെന്ന് പറയുമെങ്കിലും ഇവിടെ കണ്ടത് മതഭീകരതയാണ്. ആഫ്രിക്ക ഗൾഫ് പ്രദേശങ്ങളിൽ ഈ ഭീകരർ കൊന്നൊടുക്കുന്നത് ക്രിസ്ത്യനികളെയാണ്. അത് ചോദ്യം ചെയ്യുന്ന, എതിർക്കുന്ന മുസ്ലിങ്ങളെയും ഇവർ കൊല്ലാറുണ്ട്. പഹൽഹാമിൽ കുതിരപ്പുറത്തു സഞ്ചാരികളുമായി പോയ ഒരു പാവം കുതിരക്കാരൻ സഞ്ചാരികളെ കൊല്ലുന്നതിനെ എതിർത്തതിനാണ് വെടിവെച്ചു കൊന്നത്.യഥാർത്ഥ മുസ്ലിം ഇവരുടെ ഇരട്ട മുഖം തിരിച്ചറിയുന്നു. വിദ്യാസമ്പന്നരായ യുവതി യുവാക്കൾ ഈ സവർണ്ണ പൗരാഹിത്യ മതഭ്രാന്തിനെ ഇന്ത്യ യിൽ ചോദ്യം ചെയ്യുമ്പോൾ പാകിസ്ഥാനിൽ ഈ ചോദ്യമുയരുന്നില്ല. അവരുടെ മുന്നിലും മരത്തിന് വളമിടു ന്നതുപോലെ മത നിയമം പുരോഹിതർ നിവർത്തി പ്പിടിക്കും. അതിന് ഊർജ്ജം പകരാൻ രാഷ്ട്രീയക്കാരുണ്ട്. പഠന പുസ്തകമായാലും മതപുസ്തകമായാലും കാലത്തിനനുസരിച്ച് പരിഷ്കരണം വേണമെന്നവർ വാദിക്കുന്നു. സത്യവും നീതിയും പുലരാൻ ആഗ്രഹി ക്കുന്ന അറിവുള്ള മനുഷ്യർ മനുഷ്യാവകാശങ്ങൾ, സാമൂഹ്യ നീതി ആഗ്രഹിക്കുന്നതിൽ തെറ്റ് പറയാൻ സാധിക്കുമോ?

ആദ്യ കാലങ്ങളിൽ കത്തോലിക്ക സഭ മാത്രമായിരുന്നു.അതിൽ നിന്ന് മാറി ഇന്ന് ലോകത്ത് നൂറിലധികം സഭകളുണ്ട്.അവരെയാണ് പുരോഗമനവാദികൾ എന്ന് വിളിക്കുന്നത്. ഓരോ മതത്തിലും മത പരിഷ്കരണവാദികൾ ആവശ്യമാണ്.എങ്കിൽ മാത്രമേ സ്വസിദ്ധമായി നമ്മൾ പഠിച്ചു വളർന്ന പരമ്പരാഗത വിശ്വാസങ്ങളെ സംസ്കരിക്കാനും പരിപോഷിപ്പിക്കാനും സാധിക്കു. മത ഭീകരത വളർത്തുന്ന ഈ കാട്ടാളന്മാർ ജീവിച്ചിരിക്കേണ്ടത് അഞ്ചാം നൂറ്റാണ്ടിലാണ്. അന്ന് പാപകർമ്മങ്ങൾ ചെയ്തത് അറിവില്ലായ്മമൂലമാണ്. മതങ്ങൾ ഇല്ലാതിരുന്ന കാലത്തും എല്ലാം ജീവജാലകങ്ങൾക്കും ഈ ബ്രഹ്മാണ്ഡകടാഹത്തിൽ സ്വന്തം ജീവൻ നിലനിർത്താനുള്ള അവകാശമുണ്ടായിരുന്നു. റോമൻ സാമ്രാജ്യം ദൈവ ബിംബങ്ങളെയാണ് ആരാധിച്ചത്. അന്ന് നടന്ന നരബലി, മൃഗബലികളുടെ പിന്തുടർച്ചാവകാശം ഇന്നത്തെ മതപൊട്ടന്മാർ ഏറ്റെടുത്തിരിക്കുന്നു. മനുഷ്യർ ഈശ്വരചി ന്തകൾ വളർത്താതെ മതങ്ങളെ വളർത്തിയ നാൾ മുതലാണ് മതഭീകരതയും അധികാരഭീകരതയും വളർന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും മതത്തിന്റെ മറവിൽ നിരപരാധികളെ കൊന്നൊടുക്കുന്ന ഈ പിശാചുക്ക ളുടെ തലയരിയാൻ ദൈവങ്ങളും എഴുന്നേറ്റിരിക്കുന്നു. കാശ്മീരിൽ നിരപരാധികളായ മനുഷ്യരെ കൂട്ടക്കൊല ചെയ്ത വേട്ട നായ്ക്കളുടെ തലയരിയാൻ ഇന്ത്യൻ ഭരണകൂട ദൈവങ്ങൾക്ക് സാധിക്കട്ടെ. ജനാധിപത്യവാദി കൾ, യഥാർത്ഥ ഈശ്വര വിശ്വാസികൾ കൊലപാതകങ്ങളെ അംഗീകരിക്കില്ല. നിരായുധരായ കുറെ പാവം മനുഷ്യരുടെ ചോര വീഴ്ത്തിയതുകൊണ്ട് ഇന്ത്യയുടെ ആത്മാവിനെ തകർക്കാൻ സാധിക്കുമെന്നാണോ ഈ മരമണ്ടന്മാർ മനസ്സിലാക്കിയിരിക്കുന്നത്?

ഇന്ത്യയുടെ പ്രധാനമന്ത്രി ബിഹാറിൽ പ്രത്യാശാകരമായ ഒരു സന്ദേശമാണ് നൽകിയത്. 'ഞാൻ ലോക ത്തോട് പറയുന്നു. നിരപരാധികളെ ആക്രമിച്ചവരെയും, അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെയും അവരുടെ ഭാവനക്കപ്പുറം തിരിച്ചടിക്കും'. മാതൃഭൂമിയുടെ സംരക്ഷണം, ശത്രുവിനെതിരെയുള്ള പോരാട്ടം ഭരണവർഗ്ഗത്തി നാണ്. ജനിച്ച മണ്ണിനോട്, മാതാവിനോട് ആദരവില്ലാത്തവർ രാജ്യത്തിനെതിരെ നടത്തുന്ന കടന്നാക്രമണത്തെ വർഗ്ഗീയ വോട്ടിനുവേണ്ടി, ഉള്ളിൽ പതിഞ്ഞുകിടക്കുന്ന മത ഭ്രാന്തിന് വേണ്ടി സമൂഹത്തെ ഭിന്നിപ്പിക്കുന്നത് തിരിച്ചറിയണം. ജന്മനാടിന്റെ അസ്തിത്വത്തെ തിരിച്ചറിയാത്തവർ ഭരണത്തിലായാൽ പഹൽഹാമിൽ കണ്ടതു പോലെ സഞ്ചാരികൾ ഭയന്നോടും വെടിയേറ്റ് വീഴും. എല്ലാം തീവ്രവാദ രക്തച്ചൊരിച്ചിലും മാനവികതക്കെതി രാണ്. സങ്കുചിത താൽപര്യങ്ങൾക്കായി രാഷ്ട്രീയ പ്രവർത്തനമെന്ന പേരിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കു ന്നതും ഭീകരതയാണ്. കാശ്മീർ ജനതയ്ക്ക്, സഞ്ചാരികൾക്ക് വേണ്ടുന്ന സംരക്ഷണം കൊടുക്കാത്ത, സുരക്ഷാ വീഴ്ച്ച വരുത്തിയ ഭരണകൂടങ്ങൾ ഇതിനെല്ലാം ഉത്തരവാദികളാണ്. സൂപ്പർ സോണിക്കായ ഇസ്രയേലിനു പോലും സുരക്ഷാവീഴ്ചയുണ്ടായത് ലോകം കണ്ടതാണ്. പാകിസ്താനിലെ മോസ്കുകളിൽ മലവെള്ളപ്പാച്ചിൽ പോലെ രക്തമൊഴുകിയാലും, ഇന്ത്യയിൽ രക്ത സാക്ഷികളുണ്ടായാലും, മലയിളകി മറിഞ്ഞാലും മനം കുലുങ്ങാത്ത നരഭോജികളെ, അവർക്ക് ഓശാന പാടി ഒത്താശ ചെയ്യുന്നവരെ കണ്ടെത്തി ശിക്ഷ നടപ്പാക്കണം. ഇന്ത്യയെ ഒറ്റികൊടുത്ത രാജ്യദ്രോഹിയുടെ കശ്മീരിലെ വീട് തകർത്തതുപോലെ പല വീടുകളും തകർക്കാ നുണ്ട്.

ഭീകരത ഉല്പാദിപ്പിക്കുന്ന പാകിസ്ഥാൻ കരസ്ഥമാക്കിയ കാശ്മീർ മത ഭീകര ഫാക്ടറികൾ ഇന്ത്യ പിടിച്ചെടുക്കാതെ പാവപ്പെട്ട കാശ്മീർ ജനതയ്ക്ക് ശാന്തമായി ജീവിക്കാൻ സാധിക്കില്ല. മറ്റൊരു ശാശ്വത മാർഗ്ഗം ഇസ്രായേൽ രഹസ്യാന്വേഷണ ഏജൻസിയായ മൊസാദ് ചെയ്യുന്നതുപോലെ ലോകത്തിന്റെ പല ഭാഗങ്ങ ളിൽ ഒളിഞ്ഞിരിക്കുന്ന ഭീകരവർഗ്ഗത്തെ ഒളിയാക്രമണം നടത്തി മണ്ണിൽ നിന്ന് തുടച്ചുമാറ്റണം. പാകിസ്ഥാനിൽ പരിശീലനം ലഭിച്ച മത തീവ്രവാദികൾ ഇന്ത്യൻ മണ്ണിൽ നുഴഞ്ഞുകയറി നിരപരാധികൾക്ക് നേരെ തോക്ക് ചൂണ്ടുന്നത് ഇന്ത്യയുടെ വിരിമാറിലേക്ക് തുളച്ചുകയറുന്ന വെടിയുണ്ടകളാണ്. നയതന്ത്ര വിള്ളൽ മാത്രമല്ല ഇതോടെ കാശ്മീർ വിഷയം എന്നെന്നേക്കുമായി അവസാനിക്കണം. ചവുട്ടിയാൽ കടിക്കാത്ത പാമ്പുണ്ടോ?

## ഡോ. എ. ജയതിലക്.............

( 1 -ാം പേജിൽ നിന്നും തുടർച്ച)

ഡോ. എ. ജയതിലകിനെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാനത്തെ അമ്പതാം ചീഫ് സെക്രട്ടറിയാകും എ. ജയതിലക്. നിലവിൽ ചീഫ് സെക്രട്ടറിയായ ശാരദ മുരളീധരൻ ഈ മാസം 30-ന് വിരമിക്കും.

1991 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായ ജയതിലക് നിലവിൽ ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. 2026 ജൂൺ വരെയാണ് അദ്ദേഹത്തിന്റെ കാലാവധി.

സീനിയോറിറ്റിയിൽ മുമ്പിലുള്ള കേരള കേഡറിലെ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനായ മനോജ് ജോഷി സംസ്ഥാനത്തേക്ക് മടങ്ങിവരാൻ താല്പര്യമില്ലെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. ഇതോടെ സീനിയോറിറ്റിയിൽ രണ്ടാമതുള്ള ജയതിലകിനെ നിയമിക്കാൻ തീരുമാനിക്കുകയായിരുന്നു. 2020 മുതൽ കേന്ദ്ര ഡെപ്യൂട്ടേഷനിലുള്ള മനോജ് ജോഷി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ ഭൂവിഭവ സെക്രട്ടറിയാണ്.

ദേശീയപാത വികസനം ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനാകും മുൻഗണനയെന്ന് ഡോ. ജയതിലക് പറഞ്ഞു. വിഴിഞ്ഞം പദ്ധതിയുടെ വിപുലീകരണം, മാലിന്യമുക്ത കേരളം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കും. വയനാട് പുനരധിവാസം നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും എ. ജയതിലക് പറഞ്ഞു. 1990-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. പാസ്സായ ജയതിലക് പിറ്റേവർഷം സിവിൽസർവീസിൽ പ്രവേശിച്ചു. സ്പൈസസ് ബോർഡ് ചെയർമാൻ, കൃഷിവകുപ്പ് സെക്രട്ടറി, ഡയറക്ടർ, കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടർ, ടൂറിസം ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ ഡയറകടർ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ, ഛത്തീസ്ഗഢ് ടൂറിസം ബോർഡ് എം.ഡി. തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

## വന്നു, അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ്

### എ.സി. ഉപയോഗം വില്ലനായി

പീക്ക് മണിക്കൂറുകളിലെ അമിതമായ വൈദ്യുതി ഉപഭോഗം കാരണം അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തി. 15 മിനിട്ട് ദൈർഘ്യമുള്ള രണ്ടു ഘട്ടമായാണ് അരമണിക്കൂർ പവർകട്ട്. ഇതുസംബന്ധിച്ച് കളമശ്ശേരി കൺട്രോൾറൂമിൽനിന്ന് സെക്ഷൻ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇക്കഴിഞ്ഞ 21 മുതലാണ് നിർദ്ദേശം നടപ്പായത്. എല്ലാ ഫീഡറിലും രണ്ടുമണിക്കുറിനിടയിൽ മാറിമാറി രണ്ടുതവണ 15 മിനിട്ട് വീതമാണ് പവർകട്ട് ഏർപ്പെടുത്തിയത്. മൂലമറ്റം പവർസ്റ്റേഷനിൽനിന്നുള്ള അറിയിപ്പിനെ തുടർന്നാണിത്.

അന്തരീക്ഷ താപനില ഉയർന്ന ദിവസങ്ങളിൽ മുൻകൂട്ടി ലോഡ് ഷെഡ്ഡിംഗ് വിവരം സബ്സ്റ്റേഷനുകളെ അറിയിക്കുന്നുണ്ട്. എന്നാൽ പവർകട്ട് പരമാവധി ഒഴിവാക്കാനാണ് ശ്രമമെന്ന് കെ.എസ്.ഇ.ബി. വൃത്തങ്ങൾ പറഞ്ഞു. അപ്പോഴും പീക്ക് സമയങ്ങളിൽ പവർകട്ട് ഏർപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം ബോർഡ് പരിഗണിക്കുന്നുണ്ട്. ഓവർലോഡ് കാരണം നിരവധി ട്രാൻസ്ഫോമറുകൾക്ക് തകരാറ് സംഭവിച്ചു. സാഹചര്യം ചർച്ചചെയ്യാൻ കെ.എസ്.ഇ.ബി. ഉന്നതതലയോഗം ചേർന്നേക്കും. വൈദ്യുതി ഉപഭോഗം സർവകാല റെക്കോർഡിലാണ്. പീക്ക് സമയ ആവശ്യകതയും റെക്കോർഡിലെത്തി. 5,646 മെഗാവാട്ടാണ് പീക്സമയത്തെ ആവശ്യകത. ഈ സമയങ്ങളിൽ പരമാവധി ഉപയോഗം നിയന്ത്രിക്കാൻ ഉപഭോക്താക്കളോട് കെ.എസ്.ഇ.ബി. ആവശ്യപ്പെടുന്നു.

പുറമേനിന്ന് എത്തിക്കേണ്ട വൈദ്യുതിയുടെ അളവ് ഉയരുന്നതാണ് കെ.എസ്.ഇ.ബി. ഇപ്പോൾ നേരിടുന്ന വെല്ലുവിളി. ഇടുക്കി അണക്കെട്ടിൽ വെള്ളം കുറഞ്ഞതും ആശങ്കയുണ്ടാക്കുന്നു.

60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ പദ്ധതി കമ്മീഷൻ ചെയ്തിട്ടും പകുതി വൈദ്യുതി മാത്രമേ ഉല്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. 24 മെഗാവാട്ട് ശേഷിയുള്ള ഭൂതത്താൻകെട്ട് മിനിവൈദ്യുത പദ്ധതി കഴിഞ്ഞവർഷം കമ്മീഷൻ ചെയ്യാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

## പാക്കിസ്ഥാൻ പൗരന്മാർക്ക് അനുവദിച്ച വിസ റദ്ദാക്കിയതായി ഇന്ത്യ

ന്യൂഡഹി: പാക്കിസ്ഥാൻ പൗരന്മാർക്ക് അനുവദിച്ച എല്ലാ സാധുവായ വിസകളും റദ്ദാക്കിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഇന്ത്യയിൽ നിലവിലുള്ള പാക് പൗരന്മാരായ വിസ ഉടമകൾ രാജ്യം വിടാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

അംഗീകൃത ദീർഘകാല വിസ (LTV), നയതന്ത്ര, ഔദ്യോഗിക വിസകൾ കൈവശമുള്ള വ്യക്തികൾക്ക് ഇന്ത്യയിൽ തുടരാം. മെഡിക്കൽ വിസ കൈവശമുള്ള പാക്കിസ്ഥാൻ പൗരന്മാർക്ക് 2025 ഏപ്രിൽ 29 അർധരാത്രി വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലുള്ളവർ 29-ന് അർധരാത്രിക്ക് ശേഷം ഇന്ത്യയിൽ തുടരാൻ പാടില്ല.

പഞ്ചാബിലെ അട്ടാരിയിലെ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് (ഐ.സി.പി) അടച്ചിരിക്കുകയാണ്. ഏപ്രിൽ 30 വരെ പാക്കിസ്ഥാൻ പൗരന്മാരെ അട്ടാരി അതിർത്തിയിലെ ഐ.സി.പി വഴി പോകാൻ അനുവദിക്കുമെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

## കേരളത്തിലുള്ള 102 പാക്കിസ്ഥാൻ പൗരന്മാർ ഉടൻ തിരിച്ചുപോകാൻ നിർദേശം

ന്യൂഡഹി: പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാക്കിസ്ഥാനെതിരെ കടുത്ത നടപടികളെടുക്കുന്നതിന്റെ ഭാഗമായി പാക് പൗരന്മാരോട് രാജ്യം വിടാൻ ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. സിന്ധുനദീജല കരാർ സസ്പെൻഡ് ചെയ്തതുൾപ്പടെയുള്ള നടപടികളുടെ ഭാഗമായാണ് ഈ തീരുമാനവും. നിലവിൽ 102 പാക് പൗരന്മാരാണ് കേരളത്തിലുള്ളതെന്നാണ് റിപ്പോർട്ട്.. മാർച്ച് 27ന് മുൻപായി രാജ്യം വിടാനാണ് ഇവർക്കുള്ള നിർദേശം. കേരളത്തിലുള്ള പാക് പൗരന്മാരിൽ പകുതി പേരും ചികിത്സാസംബന്ധമായ മെഡിക്കൽ വിസിറ്റിനായി എത്തിയവരാണ്. വ്യാപാര ആവശ്യങ്ങൾക്കായും ചിലർ എത്തിയിട്ടുണ്ട്. മെഡിക്കൽ വിസയിലുള്ളവർ ഈ മാസം 29-നും മറ്റുള്ളവർ 27-നും രാജ്യം വിടണമെന്നാണ് നിർദേശം. ഇക്കാര്യം വിദേശകാര്യമന്ത്രാലയം പാക് പൗരന്മാരെ അറിയിച്ചു.

പാക് പൗരന്മാർക്കുള്ള എല്ലാത്തരം വിസ സേവനങ്ങളും ഇന്ത്യ സസ്പെൻഡ് ചെയ്തു. വിദ്യാർഥി, മെഡിക്കൽ വിസകളിൽ എത്തിയവരും രാജ്യം വിടണമെന്ന് നിർദേശിച്ചിട്ടുണ്ട്. പാക്കിസ്ഥാനിലേക്കുള്ള യാത്ര ഒഴിവാക്കാൻ ഇന്ത്യൻ പൗരന്മാർക്കും നിർദേശമുണ്ട്. പാക് പൗരന്മാർക്ക് നിലവിൽ അനുവദിച്ച എല്ലാ വിസകളുടെയും കാലാവധി ഈ മാസം 27-ന് അവസാനിച്ചതായി കണക്കാക്കും. മെഡിക്കൽ വിസ ലഭിച്ചവർക്കും മടങ്ങാൻ 29 വരെ സമയമുണ്ട്. ഹിന്ദുക്കളായ പാക് പൗരന്മാർക്കുള്ള ദീർഘകാല വിസയ്ക്ക് മാത്രം വിലക്കില്ല.

# ഹരിതോർജ്ജ മേഖലയിൽ സിയാലിന് വീണ്ടും അന്താരാഷ്ട്ര അംഗീകാരം




*സിയാൽ എം.ഡി. എസ്. സുഹാസ്, എ.സി.ഐ. പ്രസിഡന്റ് എസ്.ജി.കെ. കിഷോറിൽ നിന്ന് അവാർഡ് സ്വീകരിക്കുന്നു. സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി., എ.സി.ഐ. ഇന്റർനാഷണൽ ഏഷ്യ-പസഫിക് ഡയറക്ടർ ജനറൽ സ്റ്റെഫാനോ ബറോൺസി എന്നിവർ സമീപം*

നെടുമ്പാശ്ശേരി: ഹരിതോർജ്ജ ഉല്പാദന മേഖലയിൽ ഏർപ്പെടുത്തിയ പരീക്ഷണങ്ങൾക്ക് സിയാലിന് അന്താരാഷ്ട്ര അംഗീകാരം. പയ്യന്നൂർ സൗരോർജ്ജ പദ്ധതിയിൽ പരീക്ഷിച്ച സാങ്കേതിക സംവിധാനത്തിനാണ് സിയാലിന് എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എ.സി.ഐ) അംഗീകാരം ലഭിച്ചത്. പ്രതിവർഷം 615 ദശലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്യുന്ന എയർപോർട്ട് എന്ന വിഭാഗത്തിലാണ് ഈ അംഗീകാരം.

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ എ.സി.ഐ. പ്രസിഡന്റ് എസ്.ജി.കെ. കിഷോറിൽനിന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് അവാർഡ് സ്വീകരിച്ചു. സിയാൽ എയർപോർട്ട് ഡയറക്ടർ മനുജി, എ.സി.ഐ. ഇന്റർനാഷണൽ ഏഷ്യ -പസഫിക് ഡയറക്ടർ ജനറൽ സ്റ്റെഫാനോ ബറോൺസി എന്നിവരും ചടങ്ങിൽ പങ്കെടുത്തു. രാജ്യത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഭൗമഘടനാനുസൃത സോളാർ പ്ലാന്റാണ് പയ്യന്നൂരിലേത്. ഭൂമിയുടെ ഘടനയ്ക്ക് അനുസൃതമായി സ്ഥാപിക്കുന്ന ഇത്തരം പ്ലാന്റുകൾക്ക് നിരപ്പാർന്ന സ്ഥലത്തുള്ള പ്ലാന്റുകളേക്കാൾ 35 ശതമാനത്തിലധികം പാനലുകളെ ഉൾക്കൊള്ളാൻ കഴിയും. ഇതിനായി ഭൂമിയുടെ ചരിവ് നികത്തേണ്ടതില്ല.

പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമായ സിയാൽ, ഹരിതോർജ്ജ ഉല്പാദന മേഖലയിൽ നിരന്തരം വികസനങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി, വിഭിന്നങ്ങളായ നിരവധി ഹരിതോർജ്ജ ഉല്പാദന സംരംഭങ്ങൾക്കാണ് സിയാൽ തയ്യാറെടുക്കുന്നത്.

ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സൗരോർജ്ജ വിമാനത്താവളമാണ് സിയാൽ. തുടർച്ചയായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി, വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ കുറഞ്ഞ സ്ഥലത്ത് കൂടുതൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാനാണ് സിയാൽ ഉദ്ദേശിക്കുന്നത്. നിലവിൽ, സിയാലിന്റെ മൊത്തം സ്ഥാപിതശേഷി 50 മെഗാവാട്ടാണ്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് കരുതൽ പകർന്നുകൊണ്ടുള്ള ഇത്തരം വികസനപദ്ധതികൾ മറ്റ് ഊർജ്ജ ഉല്പാദകർക്ക് മാതൃകയാകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു.

2024-ൽ എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ കണ്ടെത്തിയ മികച്ച പദ്ധതികളിൽ ഒന്നാണ് സിയാലിന്റെ പയ്യന്നൂർ സൗരോർജ്ജ പദ്ധതിയെന്ന് എ.സി.ഐ. അഭിപ്രായപ്പെട്ടു.

# ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ഡോ. കസ്തൂരിരംഗൻ അന്തരിച്ചു



*ഡോ. കസ്തൂരിരംഗൻ*

ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. കസ്തൂരിരംഗൻ അന്തരിച്ചു. 84 വയസ്സായിരുന്നു. 1994 മുതൽ 2003 വരെ 9 വർഷക്കാലം ഐ.എസ്.ആർ.ഒ ചെയർമാനായി സേവനമനുഷ്ഠിച്ചിരുന്നു. ഈ കാലത്താണ് ഇന്ത്യയുടെ ചന്ദ്രയാത്രാപദ്ധതിയുടെ പ്രാരംഭ ആലോചനകൾ നടന്നത്. 2003 ഓഗസ്റ്റ് 27-നാണ് വിരമിച്ചത്.

പിന്നാലെ 2003 മുതൽ 2009 വരെ രാജ്യസഭാ എം.പി.യായി സേവനം അനുഷ്ഠിച്ചു. സ്പേസ് കമ്മീഷൻ, കേന്ദ്രസർക്കാരിന്റെ ബഹിരാകാശവകുപ്പ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ജെ.എൻ.യു വൈസ് ചാൻസിലർ, രാജസ്ഥാൻ സെൻട്രൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ, പ്ലാനിങ് കമ്മീഷൻ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# തൃശൂർ പൂരത്തിനു മുഖ്യമന്ത്രിയെ ക്ഷണിച്ച് തിരുവമ്പാടി ദേവസ്വം

തൃശൂർ പൂരം ഏറ്റവും ഭംഗിയായി നടത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് തിരുവമ്പാടി ദേവസ്വത്തിനു മുഖ്യമന്ത്രി പിണറായി വിജയന്റെ ഉറപ്പ്. തിരുവമ്പാടി ദേവസ്വം അധികൃതർ തിരുവനന്തപുരത്ത് എത്തി മുഖ്യമന്ത്രിയെ തൃശൂർപൂരം കാണാൻ ക്ഷണിച്ചു.

തിരുവനന്തപുരത്ത് പഴയ എ.കെ.ജി സെന്ററിലെത്തിയാണ് ദേവസ്വം ഭാരവാഹികൾ മുഖ്യമന്ത്രിയെ കണ്ടത്. ദേവസ്വം പ്രസിഡന്റ് ഡോ. സുന്ദർ മേനോൻ മുഖ്യമന്ത്രിക്ക് തൃശൂർപൂരത്തിന്റെ ബ്രോഷർ കൈമാറി.

നല്ല രീതിയിൽ പൂരം നടക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായി സുന്ദർ മേനോൻ കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രതികരിച്ചു. പൂരം കാണാൻ മുഖ്യമന്ത്രിയെ ക്ഷണിച്ചു. പറ്റിയാൽ എത്താമെന്ന് അദ്ദേഹം അറിയിച്ചതായും ദേവസ്വം പ്രസിഡന്റ് പറഞ്ഞു.

## സർക്കാരിന്റെ നാലാം വാർഷികം: കായിക വകുപ്പിന്റെ സ്റ്റാൾ ശ്രദ്ധേയമായി

കൊച്ചി: സർക്കാരിന്റെ നാലാം വാർഷിക ആഘോഷത്തിന്റെ ഭാഗമായ 'എന്റെ കേരളം' പരിപാടിയിൽ, കായികവകുപ്പിന്റെ സ്റ്റാൾ ശ്രദ്ധനേടി. വൈവിധ്യമാർന്ന സ്പോർട്സ് ആക്റ്റിവിറ്റികളും കായികമേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

സ്റ്റാൾ ഒരു ഗ്രൗണ്ടിന്റെ മാതൃകയിലാണ് രൂപകല്പന നടത്തിയിട്ടുള്ളത്. അതിൽ സിന്തറ്റിക് ട്രാക്കിന്റെ മാതൃക സന്ദർശകരുടെ നടത്തത്തിനായി ഉപയോഗിക്കുന്നു. സ്റ്റാളിന്റെ മദ്ധ്യഭാഗത്ത് ഒരു ഫുട്ബോൾ ടർഫ് ഒരുക്കിയതും സന്ദർശകർക്ക് വിവിധ കായിക പ്രവർത്തനങ്ങളിൽ പങ്കുചേരാനുള്ള അവസരമൊരുക്കിയതും സ്റ്റാളിന്റെ മുഖ്യ ആകർഷണങ്ങളാണ്.

സംസ്ഥാനത്തുടനീളമുള്ള അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തികസഹായം, പ്രതിഭാധനരായ കായികതാരങ്ങൾക്ക് നൽകുന്ന സ്പോർട്സ് ക്വാട്ട തൊഴിലവസരങ്ങൾ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും സ്പോർട്സ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റും നടപ്പിലാക്കുന്ന അടിസ്ഥാനതല പരിശീലന പദ്ധതികൾ എന്നിവയുൾപ്പെടെ കായികമേഖലയിൽ കഴിഞ്ഞ ഒമ്പത് വർഷമായി സർക്കാർ കൈക്കൊണ്ട സംരംഭങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചു.

സർക്കാരിന്റെ വിജയകരമായ പ്രോജക്ടായ ഹെൽത്ത് കിഡ്സ് എന്ന പദ്ധതിയും സ്റ്റാളിൽ വിജയകരമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ എല്ലാ ജില്ലകളിലും 'എന്റെ കേരളം' പ്രദർശനം നടക്കും.

# ബ്രഹ്മപുരത്തെ മാലിന്യം ജൈവവളമായി ദുബായിലേക്ക്




ബ്രഹ്മപുരം മാലിന്യത്തിൽ നിന്ന് നിർമ്മിച്ച ജൈവവളത്തിന്റെ ആദ്യ കയറ്റുമതി മേയർ എം. അനിൽകുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു

കൊച്ചി: ബ്രഹ്മപുരത്തെ മാലിന്യനിക്ഷേപത്തിൽ നിന്നും ഉല്പാദിപ്പിച്ച ജൈവവളത്തിന്റെ ആദ്യ കയറ്റുമതി ഫ്ളാഗ് ഓഫ് ചെയ്തു. കൊച്ചിയുടെ സുസ്ഥിര പരിവർത്തനത്തിന്റെ മറ്റൊരു പ്രതീകമാണിതെന്ന് മേയർ എം. അനിൽകുമാർ പറഞ്ഞു. ബ്ലാക്ക് സോൾജിയർ ഫ്ളൈ ലാർവകൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ പ്രക്രിയയിലൂടെ ഉല്പാദിപ്പിക്കുന്ന ജൈവവളം, ദുബായിലെ എസ്.എസ്.കെ. ബ്ലെൻഡിങ് എൽ.എൽ.സി.യിലക്കാണ് അയച്ചത്. ഒരുകാലത്ത് പ്രതിസന്ധിയുടെ പ്രതീകമായിരുന്നു ബ്രഹ്മപുരം. ബ്രഹ്മപുരത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷ്റഫ്, സൂപ്രണ്ടിംഗ് എൻജിനീയർ ബി. ജോയ്, ഹെൽത്ത് ഓഫീസർ, എൻജിനീയറിംഗ്, ആരോഗ്യവിഭാഗം ജീവനക്കാർ എന്നിവർ ഉറച്ച പിന്തുയാണ് നൽകിയത്. നഗരത്തിലെ ശാസ്ത്രീയ മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ആദ്യം ശ്രദ്ധയിൽപ്പെടുത്തിയത് മുൻ സെക്രട്ടറി ബാബു അബ്ദുൾ ഖാദിർ ആയിരുന്നു.

കഴിഞ്ഞ ഒന്നരവർഷമായി കൊച്ചിയിലെ 50 ടൺ ഭക്ഷ്യമാലിന്യങ്ങൾ ദിവസവും കൈകാര്യം ചെയ്യുന്ന ഫാബ്കോ ബയോസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡാണ് കമ്പോസ്റ്റ് ഉല്പാദിപ്പിക്കുന്നത്. ബി.എസ്.എഫ്. ലാർവകളുടെ നൂതന ഉപയോഗത്തിലൂടെ, ഈ സൗകര്യം പ്രതിദിനം 10 ടൺ കമ്പോസ്റ്റ് ഉല്പാദിപ്പിക്കുന്നു.

# ദി ഒഫ്താൽമോളജിസ്റ്റ് പവർ ലിസ്റ്റിൽ ഇടംപിടിച്ച് ഡോ. സൂസൻ ജേക്കബ്



*ഡോ. സൂസൻ ജേക്കബ്*

കൊച്ചി: ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ ഡയറക്ടറും ചീഫുമായ ഡോ. സൂസൻ ജേക്കബ് ദി ഒഫ്താൽമോളജിസ്റ്റ് പവർ ലിസ്റ്റ് 2025-ൽ ഇടംപിടിച്ചു. തിമിര ശസ്ത്രക്രിയയിലും റിഫ്രാക്റ്റീവ് ശസ്ത്രക്രിയയിലും മികച്ച 10 വിദഗ്ദ്ധരുടെ പട്ടികയിൽ നാലാം തവണയാണ് ഡോ. സൂസൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

കോർണിയ, തിമിരം, ഗ്ലോക്കോമ, കെരാട്ടോകോണസ് എന്നീ മേഖലകളിലെ നേത്രചികിത്സകളിൽ ഒന്നിലധികം നൂതനാശയങ്ങൾക്ക് ഡോ. സൂസൻ ജേക്കബ് പ്രശസ്തി നേടിയിട്ടുണ്ട്. നേത്രരോഗങ്ങളുടെ വൈദ്യശാസ്ത്ര മേഖലയിലെ പ്രധാന പ്രസിദ്ധീകരണമായ 'ദി ഒഫ്താൽമോളജിസ്റ്റി'ന്റെ പവർ ലിസ്റ്റ് ഈ മേഖലയിലെ വിദഗ്ദ്ധർക്കുള്ള അംഗീകാരമാണ്. 2021, 2022, 2024 പതിപ്പുകളിൽ ഉൾപ്പെടുത്തിയിരുന്ന പട്ടികയിലും ഡോ. സൂസൻ ജേക്കബ് ഉൾപ്പെട്ടിട്ടുണ്ട്.

# കേരളത്തിൽ ആകാശ് എഡ്യുക്കേഷണൽ സർവീസസിന് ജെ.ഇ.ഇ മെയിൻസ് പരീക്ഷയിൽ മികച്ച നേട്ടം



*ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ജെ.ഇ.ഇ മെയിൻസ് 2025-ൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നു.*

കൊച്ചി: ഇന്ത്യയിലെ പ്രമുഖ പരീക്ഷാ തയ്യാറെടുപ്പ് സ്ഥാപനമായ ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ജെ.ഇ.ഇ മെയിൻസ് 2025-ൽ മികച്ച വിജയം നേടി. കേരളത്തിൽ നിന്നുള്ള 10 പേരിലധികം വിദ്യാർത്ഥികൾ 99 ശതമാനത്തിനും മുകളിൽ റാങ്കുകൾ നേടി. ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ്, തിരുവനന്തപുരം ശാഖയിൽ നിന്നുള്ള ആര്യൻ വി. നായർ (എ.ഐ.ആർ 2070), ജോശ്വ ജേക്കബ് തോമസ് (എ.ഐ.ആർ. 3982), അദിക് (എ.ഐ.ആർ 11554), കൊച്ചി ശാഖയിൽ നിന്നുള്ള അനിരുദ്ധ് എം. അഭിലാഷ് (എ.ഐ.ആർ 2936), ദിനേശ് പാലിവാൽ (എ.ഐ.ആർ 4746), പ്രണവ് പെരിങ്ങേത്ത് (എ.ഐ.ആർ 5647), ആൽഡിൻ കോറിയ (എ.ഐ.ആർ 5929), വിനീത്കുമാർ സിംഗ് (എ.ഐ.ആർ 10385), എ. ആദിത്യ (എ.ഐ.ആർ 12947). കോഴിക്കോട് ശാഖയിൽ നിന്നുള്ള രശിഖ് സബീബ് (എ.ഐ.ആർ. 13966) എന്നിവർ മുൻനിര റാങ്ക് നേടി.

ഇവരിൽ ഭൂരിഭാഗവും ആകാശ് ക്ലാസ്റൂം പ്രോഗ്രാമിൽ ചേർന്ന് ഐ.ഐ.ടി എ.ഐ.ആർ ലക്ഷ്യമാക്കി പരിശീലനം നേടിയ വിദ്യാർത്ഥികളാണെന്ന് ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിന്റെ ചീഫ് അക്കാദമിക് ആൻഡ് ബിസിനസ് ഹെഡ്, ധീരജ് കുമാർ മിശ്ര പറഞ്ഞു. കൊച്ചിയിൽ നടത്തിയ പത്രസമ്മേളനത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

വിദ്യാർത്ഥികൾക്ക് അവരുടെ എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവെക്കാൻ സഹായിക്കുന്ന തരം പരിശീലന സേവനങ്ങൾ നൽകുന്നതിലാണ് സ്ഥാപനത്തിന്റെ പ്രതിബദ്ധതയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

# സൗജന്യ സന്ധി മാറ്റിവെയ്ക്കൽ നിർണ്ണയ ക്യാമ്പ്



എറണാകുളം ലൂർദ് ആശുപത്രിയിൽ നടന്ന സൗജന്യ സന്ധി മാറ്റിവെയ്ക്കൽ നിർണ്ണയ ക്യാമ്പിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

കൊച്ചി: എറണാകുളം ലൂർദ് ആശുപത്രിയിൽ സൗജന്യ സന്ധിമാറ്റിവെയ്ക്കൽ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ലൂർദ് ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കുന്ന രോഗികൾക്ക് മിതമായ നിരക്കിൽ സന്ധി മാററിവെയ്ക്കൽ ശസ്ത്രക്രിയ ലഭ്യമാക്കുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ലൂർദ് ഓർത്തോപീഡിക്സ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജോൺ ടി. ജോൺ പറഞ്ഞു.

ഇന്റർവെൻഷണൽ പെയിൻ മാനേജ്മെന്റ് വിഭാഗം വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ടിഷ ആൻ ബാബു, സീനിയർ റെസിഡന്റ് ഡോ. ഷിനാസ് ബി. സലാം, ഫെലോ ഇൻ ആർത്രോസ്കോപ്പിക് ആന്റ് ആർത്രോപ്ലാസ്റ്റി ഡോ. ജിതിൻ മോഹൻ, ഫിസിയോതെറാപ്പി വിഭാഗം ഇൻചാർജ് ശ്രീമതി. അനുപമ ജി. നായർ, ഫിസിയോതെറാപ്പിസ്റ്റ് ആശിഷ് ജോസിയ, ഡയറ്റീഷ്യൻ ജ്യോത്സന പി. എന്നിവർ ബോധവൽക്കരണ ക്ലാസ് നയിച്ചു.

# യുവ പ്രതിഭകളുടെ സ്റ്റാർ ലേഡി ഓഫ് കേരള ബ്യൂട്ടി പേജന്റിന് കൊച്ചിയിൽ ഗംഭീര വരവേൽപ്പ്



പ്രമുഖ ഷോ ഡയറക്ടറും നിർമാതാവുമായ കാശിനാഥിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'സ്റ്റാർ ലേഡി ഓഫ് കേരള' ബ്യൂട്ടി പേജന്റ്, സിഗ്നിഫിക്കന്റ് ഫാഷൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ വച്ച് അതിവിപുലമായി നടന്നു.

പ്രമുഖ വിദേശ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനമായ മാവെക്സ് മെന്റർ എബ്രോഡ് സ്റ്റഡീസ് ഇവന്റിന്റെ പ്രധാന സ്പോൺസറായിരുന്നു. മത്സരം മൂന്ന് പ്രധാന വിഭാഗങ്ങളിലായി നടന്നു - സ്റ്റാർ ടീൻ ഓഫ് കേരള, മിസ് സ്റ്റാർ ഓഫ് കേരള, മിസിസ് സ്റ്റാർ ഓഫ് കേരള.

സ്റ്റാർ ടീൻ ഓഫ് കേരള വിഭാഗത്തിൽ അദ്വിക ശ്രീഭാഗ്യ വിജയിയായി കിരീടം ചൂടിയപ്പോൾ, ദേവിക ഒന്നാം റണ്ണറപ്പും ശ്രീലക്ഷ്മി രണ്ടാം റണ്ണറപ്പുമായും തിരഞ്ഞെടുക്കപ്പെട്ടു.

മിസ് സ്റ്റാർ ഓഫ് കേരള വിഭാഗത്തിൽ അർപിത വിജയിയായി. സാന്ദ്ര ഒന്നാം റണ്ണറപ്പും, ആൻ മേരി രണ്ടാം റണ്ണറപ്പുമായും തിരഞ്ഞെടുക്കപ്പെട്ടു.

മിസിസ് സ്റ്റാർ ഓഫ് കേരള വിഭാഗത്തിൽ ആശ വിജയിയായി. അഹന്യ ഒന്നാം റണ്ണറപ്പും, അപർണ രണ്ടാം റണ്ണറപ്പും ആയി നിലനിന്നു.

# കാക്കനാട് ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി: നിർമ്മാണ പദ്ധതി ഉടൻ പൂർത്തിയാക്കും

കാക്കനാട്: ജി.സി.ഡി.എ.യുടെ ഉടമസ്ഥതയിൽ കാക്കനാട് ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഭൂമിയിൽ നിർമ്മാണം ആരംഭിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി സംബന്ധിച്ച അവലോകനയോഗം ജില്ലാപഞ്ചായത്ത് ഹാളിൽ ചേർന്നു.

50-ലെറെ വർഷം പഴക്കമുള്ള കടമുറികെട്ടിടം പൊളിച്ചുമാറ്റിയാണ് കാക്കനാട് കൊമേഴ്ഷ്യൽ ഹബ്ബ് 2.0 എന്ന പേരിൽ പുതിയ കെട്ടിടം നിർമ്മാണം ആരംഭിക്കാൻ ഒരുങ്ങുന്നത്. പുതിയ കെട്ടിട പദ്ധതിയുടെ രൂപരേഖ, പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ജി.സി.ഡി.എ യോഗത്തിൽ അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ പദ്ധതി സംബന്ധിച്ച അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

പരമാവധി വേഗത്തിൽ നിർമ്മാണം പൂർത്തീകരിക്കുക, പാർക്കിംഗ് സൗകര്യം കൂടുതൽ വിശാലമാക്കുക എന്നിങ്ങനെ ഉയർന്ന അഭിപ്രായങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ജി.സി.ഡി.എ. ചെയർമാൻ അറിയിച്ചു. ബേസ്മെന്റ് ഉൾപ്പെടെ അഞ്ചു നിലകളിലായി 18,000 സ്ക്വയർഫീറ്റ് വിസ്തീർണം വരുന്ന കെട്ടിടമാണ് നിർമ്മിക്കുന്നത്. ബേസ്മെന്റ് ഫ്ളോർ പൂർണമായും പാർക്കിംഗ് ആയിരിക്കും.

പ്രവേശനം, നിർഗമനം എന്നിങ്ങനെ പ്രത്യേകം വഴികളുണ്ടാകും. ഷോപ്പ്, ഓഫീസ് സ്പേസ്, മീറ്റിംഗ് ഹാൾ എന്നീ സൗകര്യങ്ങളും ആവശ്യാനുസരണം ശുചിമുറികൾ, ലിഫ്റ്റ് സൗകര്യങ്ങളും കെട്ടിടത്തിലുണ്ടാകും. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ പുനരധിവാസം ആവശ്യമുള്ള അലോട്ടികൾക്ക് താൽക്കാലികമായി സൗകര്യം സജ്ജീകരിക്കും. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ ജി.സി.ഡി.എ. സ്വീകരിച്ചുവരികയാണ്.

ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്, ജി.സി.ഡി.എ ചെയർമാൻ കെ. ചന്ദ്രൻപിള്ള, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, കൗൺസിലർ എ.എ. ഇബ്രാഹിംകുട്ടി, വിവിധ പാർട്ടികളുടെ പ്രതിനിധികളായ അഡ്വ. ഉദയകുമാർ, സുഗതൻ, സന്തോഷ്, അനിൽകുമാർ, വ്യാപാരി വ്യവസായി ഏകോപന സമിതി, വ്യാപാരി വ്യവസായി സമിതി പ്രതിനിധികൾ, കടമുറി അലോട്ടികൾ, ജി.സി.ഡി.എ പ്ലാനിംഗ് എൻജിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ജീവിത സ്വപ്നങ്ങൾ ചിതറിത്തെറിച്ച വേദന തരുന്ന കാഴ്ച



കാശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റു മരിച്ച പ്രിയ തമന്റെ മൃതദേഹത്തിനരികെ ഇരിക്കുന്ന ഭാര്യ. വിവാഹ ജീവിതത്തിലേക്ക് ഒപ്പം ചേർന്നു നടന്നു തുടങ്ങിയിട്ട് വെറും ആറു ദിവസങ്ങൾ മാത്രം. അവിടെ മരണപ്പെട്ട 26 പേർക്കുമുള്ള ആദരാഞ്ജലികൾ ഇതോടൊപ്പം ചേർത്തിടട്ടെ.

# 'എല്ലാം കോൺഗ്രസ് പറയും പോലെ' പത്തി താഴ്ത്തി അൻവർ




പി.വി. അൻവർ

കോൺഗ്രസിനു പൂർണമായി വഴങ്ങി പി.വി. അൻവർ. കോൺഗ്രസ് നേതൃത്വവുമായി അൻവർ അനൗദ്യോഗിക കൂടിക്കാഴ്ച നടത്തി. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ആരാകണം സ്ഥാനാർഥിയെന്ന് യു.ഡി.എഫ് നേതൃത്വവും കോൺഗ്രസും തീരുമാനിക്കുമെന്ന് അൻവർ പറഞ്ഞു. നേരത്തെ വി.എസ്. ജോയിയെ സ്ഥാനാർഥിയാക്കണമെന്ന് അൻവർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അൻവറിന്റെ ഉപാധികൾ കോൺഗ്രസ് തള്ളുകയായിരുന്നു. നിലമ്പൂരിലെ യു.ഡി.എഫ് സ്ഥാനാർഥിയെ തീരുമാനിക്കാൻ അൻവർ ആയിട്ടില്ലെന്ന നിലപാടായിരുന്നു കോൺഗ്രസിന്റേത്.

നിലമ്പൂർ സ്ഥാനാർഥിയായി ആരെയും താൻ നിർദേശിക്കുന്നില്ലെന്നാണ് അൻവറിന്റെ ഇപ്പോഴത്തെ 'യു ടേൺ'. കോൺഗ്രസ് ആരെ തീരുമാനിക്കുന്നോ ആ സ്ഥാനാർഥിയെ പിന്തുണയ്ക്കാമെന്ന് അൻവർ യു.ഡി.എഫ് നേതൃത്വത്തെ അറിയിച്ചു. നിലമ്പൂരിൽ ഒരു പേരും താൻ മുന്നോട്ടുവയ്ക്കുന്നില്ലെന്നും കോൺഗ്രസ് തീരുമാനിക്കട്ടെയെന്നും അൻവർ വ്യക്തമാക്കി. യു.ഡി.എഫ് തീരുമാനിക്കുന്ന സ്ഥാനാർഥിക്കൊപ്പം പിണറായി വിജയനെതിരെ എല്ലാവരെയും അണിനിരത്തി മുന്നോട്ടുപോകുമെന്നും അൻവർ കൂട്ടിച്ചേർത്തു.

# ഭീകരവാദികളെ സഹായിക്കാറുണ്ടെന്ന് വെളിപ്പെടുത്തി പാക് പ്രതിരോധമന്ത്രി

## പാക്കിസ്ഥാൻ ആണവായുധം കൈവശമുള്ള രാജ്യമാണെന്ന് ഇന്ത്യ ഓർമിക്കണമെന്ന് മുന്നറിയിപ്പ്



ഖ്വാജ ആസിഫ്

ഭീകരവാദികളെ തങ്ങൾ സഹായിക്കാറുണ്ടെന്ന് വെളിപ്പെടുത്തി പാക് പ്രതിരോധമന്ത്രി ഖ്വാജ ആസിഫ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ഭീകരവാദികൾക്ക് സാമ്പത്തികസഹായവും പരിശീലനവും നൽകുന്നുണ്ടെന്നാണ് ആസിഫ് വെളിപ്പെടുത്തിയത്. ഇസ്ലാമാബാദിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് പ്രതിരോധമന്ത്രി കാര്യം വെളിപ്പെടുത്തിയത്. നേരത്തെതന്നെ ഇന്ത്യ, പാകിസ്ഥാൻ ഭീകരർക്ക് സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന ആരോപണം ഉന്നയിച്ചിരുന്നു. ഇത് ശരിവയ്ക്കുന്നതരത്തിലാണ് പാക് പ്രതിരോധമന്ത്രിയുടെ വെളിപ്പെടുത്തൽ.

ഭീകരവാദികളെ പാക്കിസ്ഥാൻ സഹായിക്കുന്നതിന് കാരണമായത് പാശ്ചാത്യ രാജ്യങ്ങളാണെന്നും ആസിഫ് പറയുന്നു. 30 വർഷമായി അമേരിക്കയും ബ്രിട്ടനും ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങൾക്ക് വേണ്ടിയാണ് ഈ പ്രവർത്തി ഞങ്ങൾ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അതൊരു തെറ്റായിരുന്നു എന്ന് പാക്കിസ്ഥാൻ ഇപ്പോൾ മനസ്സിലാക്കുകയാണ്. അതിന്റെ പരിണിതഫലങ്ങൾ നേരിടുകയാണ്.

ഭീകരാക്രമണത്തിന് പ്രതികാരമായി ഇന്ത്യ ആക്രമിക്കാൻ ശ്രമിച്ചാൽ പാക്കിസ്ഥാൻ ആണവായുധം കൈവശമുള്ള രാജ്യമാണെന്ന് ഓർമിക്കണമെന്നും പാക് പ്രതിരോധ മന്ത്രി മുന്നറിയിപ്പ് നൽകി. അതേസമയം ഇന്ത്യ പാക്കിസ്ഥാനുമായുള്ള വെടിനിർത്തൽകരാർ റദ്ദാക്കിയേക്കും. പഹൽഗാം ഭീകരാക്രമണത്തിൽ പാക്കിസ്ഥാനെതിരെ കടുത്ത നടപടിക്കൊരുങ്ങിയിരിക്കുകയാണ് സൈന്യം. 2021 മുതലുള്ള വെടിനിർത്തൽ കരാറാണ് റദ്ദാക്കുന്നത്. അതേസമയം കഴിഞ്ഞ ദിവസം രാത്രി ജമ്മു കാശ്മീരിലെ നിയന്ത്രണരേഖയിൽ പാക്കിസ്ഥാൻ വെടിവെപ്പ് ആരംഭിച്ചിട്ടുണ്ട്. പാക്കിസ്ഥാന് ആദ്യ അടിയായി സിന്ധു നദീജല കരാർ ഇന്ത്യ മരവിപ്പിച്ച വിജ്ഞാപനം ഇറക്കിയിട്ടുണ്ടായിരുന്നു. പാകിസ്ഥാനെ ഔദ്യോഗികമായി തന്നെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

തുടർച്ചയായ അതിർത്തി കടന്നുള്ള ഭീകരവാദമാണ് കരാറിൽ നിന്നുള്ള പിന്മാറ്റത്തിന് കാരണമെന്ന് ഇന്ത്യ വ്യക്തമാക്കി. അതസമയം പഹൽഗാം ഭീകരാക്രമണത്തിൽ പ്രാദേശിക തീവ്രവാദികളായ രണ്ടുപേരുടെ വീടുകൾ ജില്ലാ ഭരണകൂടം തകർത്തു. വീടുകൾ തകർക്കുമ്പോൾ വീടിനുള്ളിൽ ആരും ഉണ്ടായിരുന്നില്ല. ഭീകരാക്രമണത്തിനെ തുടർന്ന് വീട്ടുകാർ അവിടെ നിന്നും മാറിയിരുന്നു. ത്രിൽ സ്വദേശിയായ ആസിഫ് ഹുസൈൻ, ബിജ്ബഹേര സ്വദേശി ആദിൽ തോക്കർ എന്നിവരുടെ വീടുകളാണ് തകർത്തത്.

# ഇന്ത്യ പാക്കിസ്ഥാനുമായുള്ള വെടി നിർത്തൽ കരാർ റദ്ദാക്കും

ഇന്ത്യ പാക്കിസ്ഥാനുമായുള്ള വെടിനിർത്തൽ കരാർ റദ്ദാക്കും. പഹൽഗാം ഭീകരാക്രമണത്തിൽ പാക്കിസ്ഥാനെതിരെ കടുത്ത നടപടിക്കൊരുങ്ങിയിരിക്കുകയാണ് സൈന്യം. 2021 മുതലുള്ള വെടിനിർത്തൽ കരാറാണ് റദ്ദാക്കുന്നത്. അതേസമയം കഴിഞ്ഞദിവസം രാത്രി ജമ്മുകാശ്മീരിലെ നിയന്ത്രണരേഖയിൽ പാക്കിസ്ഥാൻ വെടിവെപ്പ് ആരംഭിച്ചിട്ടുണ്ട്. പാക്കിസ്ഥാന് ആദ്യ അടിയായി സിന്ധു നദീജലകരാർ ഇന്ത്യ മരവിപ്പിച്ച വിജ്ഞാപനം ഇറക്കിയിട്ടുണ്ടായിരുന്നു. പാകിസ്ഥാനെ ഔദ്യോഗികമായി തന്നെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

തുടർച്ചയായ അതിർത്തികടന്നുള്ള ഭീകരവാദമാണ് കരാറിൽനിന്നുള്ള പിന്മാറ്റത്തിന് കാരണമെന്ന് ഇന്ത്യ വ്യക്തമാക്കി. അതേസമയം പഹൽഗാം ഭീകരാക്രമണത്തിൽ പ്രാദേശിക തീവ്രവാദികളായ രണ്ടുപേരുടെ വീടുകൾ ജില്ലാ ഭരണകൂടം തകർത്തു. വീടുകൾ തകർക്കുമ്പോൾ വീടിനുള്ളിൽ ആരും ഉണ്ടായിരുന്നില്ല. ഭീകരാക്രമണത്തിനെ തുടർന്ന് വീട്ടുകാർ അവിടെനിന്നും മാറിയിരുന്നു. ത്രിൽ സ്വദേശിയായ ആസിഫ് ഹുസൈൻ, ബിജ് ബഹേര സ്വദേശി ആദിൽ തോക്കർ എന്നിവരുടെ വീടുകളാണ് തകർത്തത്. ഇരുവർക്കും ലഷ്കർ-ഇ-ത്വയിബയുമായി ബന്ധം ഉണ്ടായിരുന്നതായി നേരത്തെതന്നെ പോലീസിന് വിവരം ലഭിച്ചിരുന്നു.

ഭീകരാക്രമണത്തിൽ 26 പേരാണ് കൊല്ലപ്പെട്ടത്. മഹാരാഷ്ട്ടയിൽ നിന്ന് ആറുപേരും, ഗുജറാത്ത്, കർണാടക എന്നിവിടങ്ങളിൽ നിന്ന് മൂന്നുപേർ വീതവും ആന്ധ്രാപ്രദേശ്, കേരളം, യുപി, ഒഡീഷാ, ബീഹാർ, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ഹരിയാന, കാശ്മീർ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്ന് ഓരോരുത്തരുമാണ് മരിച്ചത്. കൂടാതെ നേപ്പാളിൽ നിന്നുള്ള ഒരാളും കൊല്ലപ്പെട്ടു.

# സിഗ്നിഫൈ ഫിലിപ്സ് സ്മാർട്ട് ലൈറ്റ് ഹബ് തുറന്നു

കൊച്ചി: മുൻനിര ലൈറ്റിംഗ് കമ്പനിയായ സിഗ്നിഫൈ (യൂറോനെക്സ്റ്റ് ലൈറ്റ്) കൊച്ചിയിൽ ഫിലിപ്സ് സ്മാർട്ട് ലൈറ്റ് ഹബ് തുറന്നു.

1300 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റോറിൽ 400-ലധികം എസ്.കെ.യു.കളുടെ ശേഖരമുണ്ട്. ഹോം ലൈറ്റിംഗ് സാങ്കേതികവിദ്യയിലെ അതിനൂതന കണ്ടുപിടുത്തങ്ങൾ നേരിട്ടുള്ള ലൈറ്റിംഗ് അനുഭവം സൃഷ്ടിക്കുന്നതിനാണു സ്റ്റോറിന്റെ പ്രത്യേകത. രാജ്യത്തെ 321-മത്തെ ഫിലിപ്സ് സ്മാർട്ട് ലൈറ്റ് സ്റ്റോറാണിതെന്ന് സിഗ്നിഫൈ ഗ്രേറ്റർ ഇന്ത്യയുടെ കൺസ്യൂമർ ബിസിനസ് മേധാവി സി. അരുൺകുമാർ പറഞ്ഞു.

ഹോം ഡെക്കൊറിൽ വികസിച്ചുവരുന്ന സൗന്ദര്യാത്മക അഭിരുചിയുള്ള, വളരുന്ന കൊച്ചിയിലെ ഉപഭോക്താക്കൾ പ്രതീക്ഷ നൽകുന്നു. പുതിയ സ്റ്റോർ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഏറ്റവും പുതിയ ലൈറ്റിംഗ് സാങ്കേതികവിദ്യയും രൂപകല്പനയും പ്രദർശിപ്പിക്കുന്ന തരത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

# ഡോ. എം. ജി. എസ്. നാരായണൻ: ചരിത്ര പഠനങ്ങളുടെ വഴികാട്ടി



ഡോ. എം.ജി.എസ്. നാരായണൻ

മലയാളത്തിന്റെ ഗവേഷണമേഖലയ്ക്ക് നിസ്തുലമായ സംഭാവന നൽകിയ ചരിത്രകാരൻ ഡോ. എം.ജി. എസ്. നാരായണൻ ഒരു അതുല്യപ്രതിഭയായിരുന്നു.

ചരിത്രകാരൻ, ഗവേഷകൻ എന്നതിനൊപ്പം കേരള ചരിത്രത്തിന്റെ രാഷ്ട്രീയത്തിനൊപ്പം എന്നും സഞ്ചരിച്ച ഒരു വ്യക്തിയായിരുന്നു. അദ്ദേഹം ഒരു രാഷ്ട്രീയ പാർട്ടിക്കൊപ്പവും നിന്നിട്ടില്ല. എന്നാൽ രാഷ്ട്രീയനേതാക്കളോടൊപ്പം ബന്ധം പുലർത്തിയിരുന്ന ഒരു ചരിത്രകാരനായിരുന്നു. എം.ജി.എസിനു മുമ്പുള്ള ചരിത്രമെന്നു പറഞ്ഞാൽ ഐതിഹ്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. എന്നാൽ ഐതിഹ്യങ്ങളല്ല ചരിത്രപഠനത്തിന്റെ അടിസ്ഥാനം. ചരിത്രവസ്തുതകളും ശാസ്ത്രീയമായ സത്യങ്ങളുമാണ് എന്നു തെളിയിച്ച ഒരാളായിരുന്നു എം.ജി.എസ്.

വാമൊഴി വഴക്കത്തിലൂടെ അല്ലെങ്കിൽ നാടൻ കഥകളിലൂടെ പ്രചരിക്കുന്ന കാര്യങ്ങളാണ് ഐതിഹ്യങ്ങളിലൂടെ പുറത്തുവരുന്നത്. എന്നാൽ ആ പ്രചരിപ്പിച്ച കാര്യങ്ങൾ ചിലപ്പോൾ സത്യമാണെങ്കിൽകൂടി അതിന്റെ ശാസ്ത്രീയവശം കൂടി കണ്ടെത്തുമ്പോഴാണ് അതൊരു ചരിത്രമാകുന്നത്. എം.ജി.എസ്. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു ചരിത്രത്തെ കണ്ടിരുന്നത്. അദ്ദേഹത്തിന് ചരിത്രത്തോടായിരുന്നു, സത്യത്തോടായിരുന്നു പ്രതിബദ്ധതയുണ്ടായിരുന്നത്. അതുകൊണ്ട് കേരളത്തിലെ ചരിത്രപഠനത്തെ സംബന്ധിച്ചിടത്തോളം ഒരു വഴിമാറലായിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടം. ബൗദ്ധികമായ സത്യസന്ധത എല്ലാക്കാലത്തും പിൻപറ്റിയിരുന്നു. ഒരുതരത്തിലുള്ള രാഷ്ട്രീയ സ്വാധീനത്തിനും അദ്ദേഹം വഴങ്ങിയിരുന്നില്ല. അതുകൊണ്ട് കേരളത്തിന്റെ ചരിത്രത്തിൽ തന്നെ എല്ലാക്കാലത്തും ഓർമ്മിക്കപ്പെടുന്ന ഒരാളായിരിക്കും എം.ജി.എസ്. നാരായണൻ.

ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിലിന്റെ അധ്യക്ഷനായിരുന്ന എം.ജി.എസ്. കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗത്തിന്റെ തലവനായും പ്രവർത്തിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയാണ് സ്വദേശമെങ്കിലും കോഴിക്കോടായിരുന്നു താമസം. കോഴിക്കോട്ടെ മലാപറമ്പിലെ വീട്ടിൽ വെച്ചായിരുന്നു അന്ത്യവും. എം.ജി.എസ് നാരായണൻ ആണ് ചേരരാജാക്കന്മാരെക്കുറിച്ചുള്ള ആധികാരികമായ പഠനം നടത്തിയത്. ഈ പഠനത്തിന് ശേഷം 'പെരുമാൾ ഓഫ് കേരള' എന്ന പുസ്തകം എഴുതി. ഇത് ഏറെ ശ്രദ്ധിക്കപ്പെട്ട പുസ്തകങ്ങളിലൊന്നാണ്.

1932 ഓഗസ്റ്റ് 20-ന് മുറ്റായിൽ നാരായണി അമ്മയുടെയും ഡോ. പി.കെ. ഗോവിന്ദ മേനോന്റെയും മകനായി 1932 ഓഗസ്റ്റ് ഇരുപതിനാണ് എം.ജി.എസ് ജനിക്കുന്നത്. 93 വയസ്സായിരുന്നു. പരപ്പനങ്ങാടിയിലും പൊന്നാനി എ.വി. സ്കൂളിലുമായിട്ടായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഒന്നാം റാങ്കോടെയാണ് ചരിത്രത്തിൽ മാസ്റ്റർബിരുദം നേടിയത്. ഗുരുവായൂരപ്പൻ കോളേജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിക്കുമ്പോൾ 22 വയസായിരുന്നു പ്രായം.

28-ാമത്തെ വയസിൽ യു.ജി.സി ഫെലോഷിപ്പിൽ യൂണിവേഴ്സിറ്റിയിൽ ചരിത്രഗവേഷണം ആരംഭിച്ചു. ശിലതാമ്ര ലിഖിതങ്ങൾ കണ്ടെത്തിയായിരുന്നു എം.ജി.എസിന്റെ ഗവേഷണം. ബ്രിട്ടനിലെയും റഷ്യയിലെയും സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായും പ്രവർത്തിച്ചിട്ടുണ്ട്. 1974 മുതൽ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് കമ്മിറ്റി അംഗമായി പ്രവർത്തിച്ച് വരികയായിരുന്നു.

# അത്യാധുനിക ഡെന്റൽ ആൻഡ് ഇ.എൻ.ടി ക്ലിനിക്കുമായി ഫ്ലോറാ മെഡികെയർ ഇടപ്പള്ളിയിൽ




ഫ്ലോറ മെഡികെയർ ഇടപ്പള്ളിയിൽ ആരംഭിച്ച ഡെന്റൽ ആൻഡ് ഇ.എൻ.ടി ക്ലിനിക്കിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി നിർവഹിക്കുന്നു. കെ.ജെ. ഷൈൻ ടീച്ചർ, എം.ഡി. ഡോ. ഫയാസ് കെ.എ, എക്സിക്യൂട്ടിവ് ഡയറക്ടർ ഗോകുൽ വിജയ്, ഡയറക്ടർ റിയാസ് ഹമീദ് എന്നിവർ സമീപം

കൊച്ചി: ഇടപ്പള്ളിയിൽ അത്യാധുനിക ഡെന്റൽ ആൻഡ് ഇ.എൻ.ടി ക്ലിനിക് തുറന്ന് ഫ്ലോറാ മെഡികെയർ. എറണാകുളം എം.പി ഹൈബി ഈഡൻ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തെ ആരോഗ്യസേവനരംഗത്ത് അതിവേഗം വളരുന്ന കൊച്ചിയിലേക്ക് ഫ്ലോറാ മെഡികെയറിന്റെ കടന്നുവരവ് ആരോഗ്യമേഖലയ്ക്ക് ആകെ മുതൽക്കൂട്ടാകുമെന്ന് ഹൈബി ഈഡൻ അഭിപ്രായപ്പെട്ടു. ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ഡോ. ഫയാസ് കെ.എ, എക്സിക്യൂട്ടീവ് ഡയറക്ടർ ഗോകുൽ വിജയൻ, ഡയറക്ടർ റിയാസ് ഹമീദ്, ഡോ. റിസ്വി അലി, പറവൂർ മുൻസിപ്പൽ കൗൺസിലർ കെ.ജെ. ഷൈൻ ടീച്ചർ എന്നിവർ സന്നിഹിതരായിരുന്നു.

ഡെന്റൽ ആൻഡ് ഡെർമറ്റോളജി വിഭാഗവുമായി നോർത്ത് പറവൂരിൽ 2023-ൽ പ്രവർത്തനമാരംഭിച്ച് ഇ.എൻ.ടി, ഹോമിയോപ്പതി, പീഡിയാട്രിക്സ്, സൈക്കോളജി വിഭാഗങ്ങളിലേയ്ക്ക് സേവനം വിപുലപ്പെടുത്തിയ ഫ്ലോറാ മെഡികെയർ എൽ.എൽ.പി പോളിക്ലിനിക് ആഭ്യന്തര, വിദേശ മെഡിക്കൽ ടൂറിസ്റ്റുകളുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് ഇടപ്പള്ളിയിൽ പുതിയ ക്ലിനിക് തുറന്നത്.

നൂതന ദന്തചികിത്സയും ഇ.എൻ.ടി ചികിത്സകളും മെച്ചപ്പെട്ട സേവനവും ഉയർന്ന കാര്യക്ഷമതയുള്ള അത്യാധുനിക ഉപകരണങ്ങളും പരിചയസമ്പന്നരായ ഡോക്ടർമാരിലൂടെ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ഫ്ലോറാ മെഡികെയർ എം.ഡിയും ദന്തവിഭാഗം മേധാവിയുമായ ഡോ. ഫയാസ് കെ.എ, ഇ.എൻ.ടി വിഭാഗം മേധാവി ഡോ. റിസ്വി അലിയും ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി കൂടുതൽ രാജ്യങ്ങളുമായും ആരോഗ്യമേഖലയിലെ സേവനദാതാക്കളുമായി പങ്കാളിത്തത്തിലും ധാരണാപത്രങ്ങളിലും ഫ്ലോറാ മെഡികെയർ ഒപ്പുവെക്കുമെന്ന് അവർ കൂട്ടിച്ചേർത്തു.

# സാമ്പത്തിക പ്രതിസന്ധി: കിഫ്ബിക്ക് നൽകിയ 137 കോടി തിരിച്ചെടുത്തു

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാൻ ലൈഫ്മിഷന് നൽകിയ പണവും സർക്കാർ തിരിച്ചെടുത്തു. ലോകബാങ്ക് ഫണ്ട് വകമാറ്റിയതിനു പിന്നാലെയാണ് 137 കോടി ലൈഫ് മിഷനിൽ നിന്ന് തിരികെ വാങ്ങിയത്. ലൈഫ്മിഷന്റെ ബജറ്റ് വിഹിതമായി 692 കോടിയാണ് വകയിരുത്തിയത്. ഇതിൽ 247.36 കോടി രൂപ കൈമാറി. എന്നാൽ, സാമ്പത്തിക വർഷാവസാനം സർക്കാർ കടുത്ത ഞെരുക്കത്തിലായപ്പോൾ 137 കോടി രൂപ തിരികെ ട്രഷറിയിലക്കു മാറ്റുകയായിരുന്നു.

ആവശ്യപ്പെട്ടിട്ടും പണം ട്രഷറിയിലേക്കു മാറ്റാത്ത സ്ഥാപനങ്ങൾക്കെതിരെ സർക്കാർ അന്വേഷണം ആരംഭിച്ചു.

# നോർത്ത് പറവൂർ അർജ്ജുന പയറ്റു കളരിക്ക് നാലു സ്വർണ്ണവും അഞ്ചു വെള്ളിയും പത്ത് വെങ്കലവും




ഹൈദ്രാബാദ് തെലുങ്കാനയിൽ വച്ചു നടന്ന ദേശീയ കളരി പയറ്റ് ചാമ്പ്യൻ ഷിപ്പിൽ ഉൾപ്പെടെ രണ്ടു റണ്ണറപ്പും കരസ്ഥമാക്കി ഉന്നത വിജയം നേടിയ നോർത്ത് പറവൂർ അർജ്ജുന പയറ്റു കളരി നാടിന്റെ ആദരവ് ഏറ്റുവാങ്ങി.

അഞ്ചു മത്സരാർത്ഥികളുടെ 19 മെഡലുകളുമായി സാജൻ ആശാനോടപ്പം. വലത്തുനിന്ന്: ധന്യ ജോസഫ്, വലത് താഴെ: സെറിൻ അനീഷ്, ഇടതുനിന്ന്: സി.എച്ച്. സഗീർ, ഇടത് താഴെ: അമീഷ പി.ജെ., സ്റ്റല്ല അനീഷ് എന്നിവർ






Vol. No.12. N0. 5. Edited, Printed and Published by Sukumaran Kochukari at Ayodhya Printers, Elamakkara, Kochi. for Print Tech, Kochi. Chairman : Eyamkodu Sreedharan, Chief Editor : Suresh Babu K.R. Communication Address: Naveena Bhumi, Bldg.No.417A, MLA Road,Panagad, Kochi-682506. Contact No. Mob:9447900314.